# അദ്ധ്യായം 8

# ജ്ഞാനവും വിഗ്രഹാർപ്പിതവും

സാൻമാർഗ്ഗീകതയെയും വിവാഹത്തെയും സംബന്ധിക്കുന്ന ഒന്നോ, ഒരു പക്ഷേ അതിലധികമോ, ചോദ്യങ്ങൾ ഉൾപ്പെട്ട ഒരു ലേഖനം (7:1) കൊരിന്ത് സഭ പൗലോസിന് അയച്ചിട്ട്. യവന-റോമ ആചാരങ്ങളിൽ നിന്ന് യഹൂദരുടെയും ക്രിസ്ത്യാനികളുടെയും സാൻമാർഗ്ഗികതയ്ക്ക് ഒരു വലിയ വ്യത്യാസം ഉായിരുന്നു, ഈ കാര്യങ്ങളിൽ വളരെയധികം ബുദ്ധിമുട്ടിയിരുന്ന ഒരു സഭയാണ് കൊരിന്തിലുണ്ടായിരുന്നത് എന്നതിൽ ഒരു ആശ്ചര്യവുമില്ല. കുടുംബജീവിതം, സദാചാരനിഷ്ഠ, വിവാഹം എന്നിവയുടെ പ്രായോഗികതയുമായും അനന്തര ഫലങ്ങളുമായും യോജിക്കേുന്ന അസ്ഥയിലേക്ക് ജാതികളായ വിശ്വാസികൾ നീങ്ങി. ക്രിസ്തുയേശുവിലുള്ള വിശ്വാസം, ജീവിത ശൈലിയിൽ വലിയ മാറ്റമുണ്ടാക്കുന്ന മാനസാന്തരത്തിലേക്ക് ക്ഷണിച്ചു. ദൈവത്തെ നിന്ദിക്കുന്നതും തങ്ങളെതന്നെ നശിപ്പിക്കുന്നതുമായ അസാൻമാർഗ്ഗീകതയായിരുന്നു ജാതികൾ ചെയ്തു വന്നിരുന്നത്.

കൊരിന്ത് സഭ, വിഗ്രഹാരാധനയും അസാൻമാർഗ്ഗീകതയും ഒഴിവാക്കുവാൻ സഹായിക്കണമെന്നു പറഞ്ഞു പൗലോസിനെഴുതിയ ചോദ്യങ്ങളുടെ ആമുഖമായാണ് "കാര്യം പറഞ്ഞാലോ" എന്ന് ശൈലി ഉപയോഗിച്ചിരിക്കുന്നത്. 8:1 ന് ശേഷം 12:1 ൽ ആണ് "കാര്യം പറഞ്ഞാലോ" എന്ന് കാണുന്നത്. 8 മുതൽ 11 വരെയുള്ള അദ്ധ്യയങ്ങൾ പ്രധാനമായും "വിഗ്രഹാർപ്പിതങ്ങൾ" (8:1, 4, 10) എന്നതിന്റെ പ്രായോഗികയെപ്പറ്റി പരാമർശിക്കുമ്പോഴും, 11:2-34 വരെയുള്ള വേദഭാഗം എങ്ങനെ ഈ പശ്ചാത്തലത്തിൽ പുരാതന ലോകത്തിൽ ജീവിതത്തിന്റെ എല്ലാ മേഖലകളുമായും മതത്തിന് ബന്ധം ഉണ്ടായിരുന്നു.

ഒരു വ്യക്തിയുടെ ജോലി, കുടുംബജീവിതം, ഒഴിവു സമയം, സാമൂഹിക പങ്കാളിത്തം, രാഷ്ട്രീയം എന്നിവയോട് മതം വളരെയധികം ബന്ധപ്പെട്ടിരുന്നു. ഒരു വിഗ്രഹാരാധകൻ ക്രിസ്ത്യാനിയായി മാറുമ്പോൾ, അവന്റെ രൂപാന്തരം ദിവസത്തിന്റെ എല്ലാ നിമിഷങ്ങളെയും ബാധിച്ചിരുന്നു. ഒരുമിച്ച് ഇരുന്ന് ഭക്ഷണം കഴിക്കുക എന്നത്, ഇന്നത്തെ പോലെ തന്നേ, പുരാതന കാലത്തും സാമൂഹികവും മതപരവുമായ ജീവിതത്തിന്റെ പ്രധാനപ്പെട്ട ഒരു ഭാഗത്തിന് ഉദാഹരണം ആയിരുന്നു. ആദ്യ-നൂറ്റാണ്ടിലെ വിശ്വാസികൾ അവരുടെ പുർവ്വകാലത്തെ വിഗ്രഹ സംബന്ധമായ ആചാരങ്ങളിൽ നിന്നും മാനസാന്തരപ്പെടേണ്ടത് ആവശ്യമായിരുന്നു. വിഗ്രഹാർപ്പിതങ്ങൾ ഭക്ഷിക്കുന്ന കാര്യത്തിൽ അയൽക്കാർ, സുഹൃത്തുക്കൾ, കുടുംബാംഗങ്ങൾ എന്നിവരിൽ നിന്നും വളരെ ശക്തവും തുടർച്ചയായി നിലനിൽക്കുന്നതുമായ സമ്മർദ്ദങ്ങളെ നേരിടേണ്ടി വന്നു.

വിഗ്രഹാർപ്പിതം ഭക്ഷിക്കാമോ ഇല്ലയോ എന്ന ചോദ്യങ്ങൾക്ക് ആദ്യകാല ക്രിസ്ത്യാനികൾ അഭിമുഖീകരിച്ച പ്രശ്നങ്ങൾ ഇന്ന് കൂടുതൽ പേർക്കും മനസ്സിലാവില്ല. ഈ സഹോദരങ്ങൾക്ക് അല്പകാലം മുമ്പ് വിട്ടുതിരിഞ്ഞ വിഗ്രഹാരാധന, അല്പമായോ അധികമായോ സ്വാഭാവികമായി ദൈവങ്ങളെ

ആരാധിക്കുവാനുള്ള സാഹചര്യങ്ങൾ എന്നിവ ദിനംപ്രതി നേരിടേണ്ടി വന്നു. പൗലോസിന്റെ സമയത്ത് കൊരിന്തിലെ സാംസ്ക്കാരികവും മതപരവുമായ സാഹചര്യങ്ങൾ വായനക്കാർക്ക് മനസിലാകുവാനും പൗലോസിന്റെ വാക്കുകൾ തിരിച്ചറിയുവാനും താഴെ പറയുന്ന നാല് സാങ്കല്പിക സാഹചര്യങ്ങൾ സഹായിക്കുന്നതാണ്.

*ഒരു വ്യാപാര സംഘത്തിൽ വച്ച് മാംസം കഴിക്കുന്നത്* - ആദ്യമായി ഒരു ശില്പി അല്ലെങ്കിൽ ഒരു കൊല്ലപ്പണിക്കാരനെ നമുക്ക് ഭാവനയിൽ കാണാം. അവൻ ഈ തൊഴിൽ പിതാവിൽ നിന്ന് കൈവശമാക്കിയതാണ്, കൂടാതെ കൊലേജിയം എന്നു ലാറ്റിൻ-ഭാഷക്കാരായ റോമാക്കാർ വിളിക്കുന്ന കൊല്ലപ്പണിക്കാരുടെ സംഘടനയിലും അംഗമാണ്. അവരുടെ തൊഴിലിനെ അനുകൂലിക്കുന്ന സർക്കാർനയം, അസംസ്കൃത വസ്തുക്കൾ, കമ്പോള വാർത്തകൾ എന്നിവയെക്കുറിച്ച് പങ്കുവെക്കുവാനായി അവനും മറ്റ് കൊല്ലപ്പണിക്കാരും നിശ്ചിത ഇടവേളകളിൽ ഒത്തുചേർന്നിരുന്നു.

ലോഹസംസ്കരണത്തിന്റെ ദേവനു വേി സമർപ്പിക്കപ്പെട്ടിരുന്ന ക്ഷേത്രത്തിന്റെ പ്രാന്തപ്രദേശങ്ങളിലുള്ള ഒരു ഭക്ഷണശാലയിലാണ് സംഘടനയിലുള്ളവർ ഒത്തു ചേർന്നിരുന്നത്. "ഹെഫേസ്റ്റ്സ്" എന്നു യവനക്കാരും "വൾകാൻ" എന്നു റോമക്കാരും വിളിച്ചിരുന്ന ഒരു ദേവൻ. ഈ സംഘടനാ യോഗത്തിനു മുമ്പായി, ഒരു ആടിനെയോ പന്നിയെയോ ദൈവത്തിന് സമർപ്പിക്കുന്ന പതിവുണ്ടായിരുന്നു. ഇതിന്റെ മേദസ് യാഗപീഠത്തിൽ ദഹിപ്പിക്കുകയും, അതിന്റെ മാംസം യോഗത്തിൽ ഭക്ഷണമായും ഉപയോഗിച്ചിരുന്നു. ദൈവപ്രീതിക്കായി നടത്തുന്ന ആചാരങ്ങളിലൂടെയാണ് യോഗം ആരംഭിക്കുന്നത്. ഈ ദേവനെക്കുറിച്ചുള്ള യാതൊരു ചിന്തയും കൊല്ലപണിക്കാരന് ഇല്ല എങ്കിലും, തന്റെ ദൈനംദിന ജീവിതത്തിൽ മുന്നോട്ട് പോകുവാൻ അമാനുഷികമായുള്ള ഒരു സഹായം നല്ലതാണ് എന്നുള്ള ഒരു ചിന്ത അവനുണ്ടായേക്കാം. സംഘടനയിലുള്ളവരുടെ സംഭാഷണത്തിലൂടെ തന്റെ തൊഴിലിന് ലഭിച്ചുകൊണ്ടിരിക്കുന്ന നേട്ടങ്ങളെക്കുറിച്ച് അവന് അറിവുണ്ട്. അല്പകാലം മുമ്പ്, അവൻ ക്രിസ്ത്യാനിയായിതീർന്നു. സംഘടനയിലുള്ള അംഗത്വം നിലനിർത്തികൊണ്ട് താൻ പുതുതായി കണ്ടെത്തിയ വിശ്വാസത്തെ പ്രായോഗിക തലത്തിലേക്ക് കൊണ്ടുവരുന്ന പ്രക്രീയയിലാണ് അവൻ. പല ചോദ്യങ്ങളും അവിടെ ഉയർന്നു വരുവാനുള്ള കാരണങ്ങൾ "ദേവനോടുള്ള കൂട്ടായ്മ, ക്ഷേത്രങ്ങളിലുള്ള കൂടിവരവ്, അഭിഷേകങ്ങളും യാഗങ്ങളും, വിഗ്രഹങ്ങളുള്ള ക്ഷേത്രങ്ങളിൽ നിന്ന് ലഭിക്കുന്ന മാംസം ഭക്ഷിക്കുക"[1] എന്നിവയായിരുന്നു. അവൻ ധർമ്മസങ്കടത്തിലായി. ഈ സംഘടനയുമായി അവൻ ബന്ധപ്പെട്ടു നിന്നില്ല. എങ്കിൽ സാമൂഹികമായും സാമ്പത്തികമായും പല നഷ്ടങ്ങളും അവൻ നേരിടേണ്ടി വരും.

ബുദ്ധിപരമായി, ഹെഫെസ്റ്റസിന് യാതൊരു പ്രാധാന്യവുമില്ല എന്ന് കൊല്ലപ്പണിക്കാരൻ തിരിച്ചറിഞ്ഞു; ജാതികളുടെ ദൈവത്തോട് ബന്ധപ്പെട്ടുള്ള ആചാരങ്ങൾ വർഷങ്ങളായി ചെയ്തു വരുന്നതു കൊണ്ട് അവയെ പെട്ടെന്ന് ഒഴിവാക്കുവാനും അവന് ബുദ്ധിമുട്ടാണ്. അവന് പൗലോസിനോടുള്ള ചോദ്യം ഇതാണ്: ഇതൊരു വ്യാപാരത്തോട് മാത്രം ബന്ധപ്പെടുത്തി, പിതാവായ ദൈവത്തിനും കർത്താവായ യേശുക്രിസ്തുവിനും മറ്റ് സുഹൃത്തുക്കൾ ഇല്ല എന്ന അറിവോടെ, വിഗ്രഹാർപ്പിതം അവന് ഭക്ഷിക്കാമോ? മറ്റുള്ളവർ വിശ്വസിക്കുന്നില്ല എങ്കിലും, അവനറിയാം വിഗ്രഹം ഒന്നുമില്ല എന്ന്. അവൻ

അവന്റെ സുഹൃത്തുക്കളുമായുള്ള ബന്ധം തകർക്കണമോ?

*ഒരു സാമൂഹിക യോഗത്തിൽ വെച്ച് മാംസം കഴിക്കുന്നത്.* രണ്ടാമത്തെ ദൃശ്യം എന്നുള്ളത് നാല്പതുവയസ്സ് പ്രായമുള്ള ഒരു സ്ത്രീയുടെതാണ്– പ്രായമുള്ള സ്ത്രീയായതുകൊണ്ട് കുട്ടികൾ അവരുടെ അധിക സമയം കവർന്നെടുക്കുന്നില്ല. കഴിഞ്ഞ കുറേ വർഷങ്ങളായി, ഈ സ്ത്രീ കൊരിന്തിലെ മറ്റ് സ്ത്രീകളുമൊന്നിച്ച്, ദെമേത്തറിനും അവളുടെ മകളായ പേഴ്സേ ഫോണിനും സമർപ്പിക്കപ്പെട്ട ക്ഷേത്രത്തിൽ കൂടി വരിക പതിവായിരുന്നു. ഇവർ രണ്ടു പേരും സ്ത്രീകളെ അനുകൂലിക്കുന്ന കർഷീകത ദേവതമാരായി കണക്കാക്കിയിരുന്നവരാണ്. സാമൂഹിക സാഹചര്യങ്ങളിലായിരുന്നു ഈ യോഗങ്ങൾ. ഭവനത്തിലെ ജോലികളിൽ നിന്നും വേർപെട്ട് അല്പസമയം സന്തോഷിച്ചു കൊണ്ട്, വീട്ടുകാര്യങ്ങൾ ദെമേത്തറിന്റെ സഹായം യാചിച്ച്, കരി ഇന്ധനമായി ഉപയോഗിച്ച്, ദേവതമാർക്ക് സമർപ്പിച്ച ഭക്ഷണം ഈ സ്ത്രീ കൊണ്ടു വന്നു.

ഈ സ്ത്രീ അല്പകാലം മുമ്പ് ക്രിസ്തുവിനെ അംഗീകരിക്കുകയും അവനെ അനുസരിച്ച് സ്നാനത്തിലൂടെ ക്രിസ്തുവിനെ ധരിക്കുകയും ചെയ്തു. സുഹൃത്തുക്കളുമായുള്ള അവളുടെ കൂട്ടായ്മ കൊല്ലപ്പണിക്കാരന്റെതു പോലുള്ളതായിരുന്നില്ല എങ്കിലും, അവൾക്കും അതേ ചോദ്യംതന്നെ ഉണ്ടായിരുന്നു. അവളുടെ ക്രിസ്തീയ കുറ്റസമ്മതത്തെ ബാധിക്കാത്ത രീതിയിൽ വിഗ്രഹമുള്ള ക്ഷേത്രത്തിലേയ്ക്ക് പോകുവാനും വിഗ്രഹാർപ്പിതം പങ്കുവെയ്ക്കുവാനും സാധിക്കുമോ? ഇപ്പോൾ അവളൊരു ക്രിസ്ത്യാനിയാണ്, അവൾക്കറിയാം വിഗ്രഹം എന്നു പറഞ്ഞാൽ ഒന്നുമില്ല എന്ന്. എന്തുകൊണ്ട് അവളുടെ സുഹൃത്തുക്കളെ കാണുവാൻ അവൾക്ക് താത്പര്യമില്ലാത്തത് എന്ന് അവരോട് എങ്ങനെ പറയും എന്നതിൽ അവൾ അത്ഭുതപ്പെട്ടിരുന്നു. ക്രിസ്തുവിനെ അംഗീകരിച്ചതു കൊണ്ട് ഇനി ജീവിതകാലം മുഴുവനും സുഹൃത്തുക്കളിൽ നിന്നും വേർപ്പെട്ടു നില്ക്കണമെന്നും അവൾ പൗലോസിനോട് ചോദിച്ചു എന്നു വരാം.

*ഭവനത്തിൽ മാംസം കഴിക്കുന്നത്.* മൂന്നാമതായി, ഭവനത്തിൽ മാംസം കഴിക്കുവാൻ ആഗ്രഹിക്കുന്ന ഒരു കുടുംബത്തെ നമുക്ക് പരിഗണിക്കാം. എല്ലാ ദിവസവും മാംസം കഴിക്കുക എന്നുള്ളത് ആ കാലത്തു കൊരിന്തിൽ വളരെ വിരളം ആയിരുന്നു, എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ഒരു കുടുംബം മാസം ലഭിക്കുന്ന ചന്തയിൽ, (μάκελλον, *മാകെല്ലോൺ*; 10:25) പോയി അത് വാങ്ങാറുണ്ടായിരുന്നു. ജാതിയ ദൈവങ്ങളുടെ ക്ഷേത്രങ്ങളിൽ നിന്നായിരുന്നു ഈ ചന്തയിലേക്ക് കൂടുതലും മാംസം വിതരണം ചെയ്തിരുന്നത്. ദൈവസഹായം ആവശ്യമുള്ള ജാതീയൻ ഒരു ആട്, പന്നി, അല്ലെങ്കിൽ ഒരു കാളയെയോ വഴിപാടായി ദൈവ ക്ഷേത്രത്തിലേക്ക് കൊണ്ടുവന്നേക്കാം. കശാപ്പു ചെയ്യപ്പെട്ട മൃഗത്തിന്റെ, മേദസ് യാഗപീഠത്തിൻമേൽ ദഹിപ്പിക്കുകയും, ശേഷിച്ച മാംസം ചന്തയിലെ വ്യാപാരികൾക്ക് വിൽക്കുകയും ചെയ്യും. പൗലോസിനോട് ക്രിസ്ത്യാനികൾക്ക് ചോദിക്കുവാനുള്ള ചോദ്യം ഇതാണ്: ഒരു ക്രിസ്ത്യാനി കുടുംബമായി ഭക്ഷണത്തിനിരിക്കുമ്പോൾ മുമ്പ് പറഞ്ഞതുപോലെ വിഗ്രഹത്തിന് മുമ്പിൽ സമർപ്പിക്കപ്പെട്ട മാംസം മേശയിൽ വിളമ്പാമോ?

*സുഹൃത്തിന്റെ ഭവനത്തിൽ മാംസം കഴിക്കുന്നത്.* നാലാമത്തെ സാഹചര്യം, മൂന്നാമത്തേതിനോട് സാമ്യമുള്ളതാണെങ്കിലും ഇത് മറ്റു ചില ചോദ്യങ്ങൾ ഉയർത്തിയിരുന്നു. മറ്റൊരാളുടെ ഭവനത്തിൽ ഭക്ഷണം കഴിക്കുന്നത് ഈ സാങ്കല്പിക സാഹചര്യത്തിൽ ഉൾപ്പെടുന്നു. അ-ക്രൈസ്തവരോ, കു

ടുംബാംഗങ്ങളോ, ഭക്ഷണത്തിന് ക്ഷണിച്ചാൽ എന്തു ചെയ്യും? ജാതികളുടെ ദൈവത്തിന് നിവേദിച്ച മാംസമായിരിക്കും മേശയിൽ വിളമ്പുന്നത് എന്ന് പ്രതീക്ഷിച്ചുകൊണ്ട്, ക്രിസ്ത്യാനികൾക്ക് ആ ക്ഷണം സ്വീകരിച്ച് ഭക്ഷണം കഴിക്കാമോ? ക്രിസ്ത്യാനികളുടെ സ്വാധീനം, അതുപോലെ തന്നെ അവരുടെ ദൈവത്തോടുള്ള വിശ്വസ്തത, എല്ലാം ഒരു പ്രശ്നം ആയിരുന്നു.

*സംഗ്രഹം.* വിഗ്രഹാർപ്പിതം കഴിക്കുന്നതിനെക്കുറിച്ചും - അവ വിഗ്ര ഹങ്ങൾ ഉള്ള, ക്ഷേത്രങ്ങളിൽ വച്ച് കഴിക്കുന്നതും - തമ്മിൽ വളരെ നേർത്ത വ്യത്യാസങ്ങളാണ് ഉണ്ടായിരുന്നത് ഇവയാണ് ചോദ്യങ്ങൾക്കിടയാക്കിയത്. വെറുതെ "അതെ" അല്ലെങ്കിൽ "അല്ല", "ശരി" അല്ലെങ്കിൽ "തെറ്റ്" എന്നിങ്ങനെ യുള്ള ഉത്തരങ്ങളല്ല പൗലോസ് ഈ സാഹചര്യങ്ങളിൽ നൽകിയത്; കാരണം പുതിയ വിശ്വാസികൾക്കു വ്യക്തമായ നിർദ്ദേശം ആവശ്യമായിരുന്നു. ദൈവം ഈ കാര്യങ്ങളെപ്പറ്റി ശരിയായ നിയമങ്ങൾ വചനത്തിലൂടെ നൽകാത്തതു കാരണം, ഒരു ദൈവാത്മാവിനാൽ പ്രചോദിപ്പിക്കപ്പെട്ട ഒരു അപ്പോസ്തലൻ എന്ന നിലയിൽ കാര്യങ്ങളെ വിശകലനം ചെയ്തു. തീർച്ചയായും, വിഗ്രഹ ങ്ങൾ ഉള്ള ക്ഷേത്രങ്ങളെ ഒഴിവാക്കണം എന്നർത്ഥമുള്ള, വിഗ്രഹാരാധനയെ വിലക്കുന്ന രീതിയിലാണ് പൗലോസ് എല്ലാ ക്രിസ്ത്യാനികളെയും ഉപദേശി ച്ചത്. ജാതികളുടെ അനുഷ്ഠാനങ്ങളിൽ ക്രിസ്ത്യാനികൾ പങ്കെടുക്കുന്നു എന്ന ഒരു തോന്നൽ പോലും മറ്റുള്ളവരിൽ ജനിപ്പിക്കുവാൻ അനുവദിച്ചിരുന്നില്ല.

ചന്ത സ്ഥലത്തെ കച്ചവടത്തെ കുറിച്ച് പരാമർശിക്കുകയാണെങ്കിൽ, ബുദ്ധിപരമായ ഇടപെടൽ എന്നുള്ളത് മാംസ കഷണത്തിന്റെ ചരിത്രം അന്വേ ഷിക്കാതിരിക്കുക എന്നുള്ളതാണ്. ആരെങ്കിലും ഈ മാംസം വിഗ്രഹാർപ്പിത മാണ് എന്ന് പറയുകാണെങ്കിൽ, ഭക്ഷിക്കുവാനുള്ള ഒരു ക്രിസ്ത്യാനിയുടെ അവകാശത്തേക്കാൾ വിഗ്രഹാരാധനക്കെതിരായി തെറ്റില്ലാത്ത ഒരു നിലപ ാട് സ്വീകരിക്കണം.

## ജ്ഞാനത്തിന് എതിരായി സ്നേഹം (8:1-3)

**1വിഗ്രഹാർപ്പിതങ്ങളുടെ കാര്യം പറഞ്ഞാലോ, നമുക്കെല്ലാവർക്കും അറിവ് ഉണ്ട് എന്ന് നമുക്ക് അറിയാം. അറിവ് ചീർപ്പിക്കുന്നു, സ്നേഹമോ ആത്മീയ വർദ്ധന വരുത്തുന്നു. 2താൻ വല്ലതും അറിയുന്നു എന്ന് ഒരുത്തനു തോന്നുന്നു എങ്കിൽ, അറിയേണ്ടതു പോലെ അവൻ ഇന്നുവരെ ഒന്നും അറിഞ്ഞിട്ടില്ല; 3ഒരുത്തൻ ദൈവത്തെ സ്നേഹിക്കുന്നു എങ്കിലോ, അവനെ ദൈവം അറിഞ്ഞിരിക്കുന്നു.**

**വാക്യം 1.** വിഗ്രഹാർപ്പിതങ്ങളുടെ കാര്യം പറഞ്ഞാലോ എന്നതിന് ശേഷം, വിഗ്രഹാർപ്പിതങ്ങളെ കുറിച്ചുള്ള തന്റെ കാഴ്ചപ്പാട് അപ്പോസ്തലൻ ആരംഭിക്കുന്നത് സൗമ്യമായ ഒരു ശാസനയോടെയാണ്. ഇത് തന്റെ നേരെ അയച്ച ചോദ്യങ്ങളുടെ അഭിപ്രായത്തിലല്ല, പക്ഷെ ഇതിന്റെ പുറകിലുള്ള അവരുടെ മനോഭാവത്തിന്റെ അടിസ്ഥാനത്തിലാണ്. ജ്ഞാനത്തെയാണ് അവി ടുത്തെ തർക്കം ലക്ഷ്യം വച്ചിരുന്നത്. ക്ഷേത്രത്തിൽ വച്ച് വിഗ്രഹാർപ്പിതങ്ങൾ ഭക്ഷിച്ചിരുന്നവർ വിചാരിച്ചിരുന്നത് അവരുടെ ജ്ഞാനത്താൽ അവരുടെ പെ രുമാറ്റം നീതികരിക്കപ്പെടുന്നു എന്നാണ്. ക്ഷേത്രങ്ങളുടെ പ്രാന്ത പ്രദേശങ്ങ ളിൽ[2] തന്നെ പൊതുജനത്തിനായുള്ള ഭക്ഷണ മുറികൾ ഉണ്ടായിരുന്നു. വിഗ്ര

ഹരാധന നടന്നു വന്നിരുന്ന സ്ഥലങ്ങളിൽ നിന്നും പൂർണ്ണമായി വിട്ടുനിന്നിരുന്ന ഇത്തരം സ്ഥലങ്ങളിൽ ക്രിസ്ത്യാനികൾ വിരുന്നിൽ പങ്കെടുക്കുന്നത് കാണാമായിരുന്നു. വിഗ്രഹം ഏതുമില്ല എന്നവർക്ക് അറിയാമായിരുന്നതു കൊണ്ട്, വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നതിന് ഒരു തെറ്റും അവർ ചെയ്തിരുന്നില്ല.

പൗലോസ് അതിനോട് യോജിച്ചിരുന്നില്ല. നമുക്കെല്ലാവർക്കും അറിവ് എന്ന് നമുക്ക് അറിയാം, എന്ന് അവനെഴുതി. ഇവിടെ "അറിവ്" എന്നുദ്ദേശിച്ചിരുക്കുന്നത് ലോകപരമായ ജ്ഞാനം എന്നതിനെകുറിച്ചാണ്, 1:21 ലും, 2:1–13 എന്ന വേദാദ്ധ്യായത്തിലും മുമ്പ് ഇതിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ഈ "ജ്ഞാനം" എന്നതും "അറിവ്" എന്നതും തങ്ങൾക്കുണ്ട് എന്ന് കൊരിന്ത്യർ അവകാശപ്പെട്ടിരുന്നു, പൗലോസ് പറഞ്ഞു, അതവരെ ധാർഷ്ട്യത്തിലേക്ക് നയിച്ചുവെന്ന് (4:18–19). പുതിയ നിയമത്തിൽ ഏഴ് പ്രാവശ്യം കാണുന്ന φυσιόω (*ഫുസിയോ*, "ധാർഷ്ഠ്യമുളവാക്കുക"; ആക്ഷരിയമായി, "ചീർപ്പിക്കുക") എന്ന ക്രിയ ആറുപ്രാവശ്യവും 1 കൊരിന്തിരിലാണുള്ളത്. വിഗ്രഹങ്ങളോട് ബന്ധപ്പെട്ടിട്ടുള്ള ആചാരങ്ങളെ ഇപ്പോഴും നീതികരണത്തിനായി ഉപയോഗിക്കുന്ന ജ്ഞാനത്തെയാണ് പൗലോസ് ഇവിടെ ശാസിക്കുന്നത്.[3]

അപ്പോസ്തലന്റെ നിരീക്ഷണമെന്തെന്നാൽ അറിവു ചീർപ്പിക്കുന്നു, സ്നേഹമോ ആത്മീക വർദ്ധന വരുത്തുന്നു എന്നർത്ഥമാക്കുന്നത് കൊരിന്തിലുള്ളവർ ജ്ഞാനത്തെ ഒരു യജമാനനായി കണ്ട് അവരെ തന്നെ സമർപ്പിച്ചപ്പോൾ സ്നേഹത്തെ അവഗണിച്ചു എന്നുള്ളതാണ്. സ്നേഹവും ജ്ഞാനവും അവ തമ്മിലുള്ള ബന്ധവുമാണ് അപ്പോസ്തലന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാന നിഗമനങ്ങൾ. എന്തായിരുന്നാലും, യേശുവിനെ ക്രിസ്തു എന്ന് ഏറ്റു പറഞ്ഞ ഏതൊരു വ്യക്തിക്കും അസഹനീയമായ കാര്യമാണ് വിഗ്രഹ ആരാധനയുടെ ഏതു രൂപവും എന്നതിനാണ് തന്റെ ചർച്ചയിലുടനീളം ഊന്നൽ കൊടുത്തിരിക്കുന്നത്. ഒരു കാര്യം തീർച്ചയാണ് ഡേവിഡ് .ഇ.ഗാർലന്റ് പറഞ്ഞതുപോലെ, പൗലോസും പ്രതീക്ഷിക്കുന്നത് ക്രിസ്ത്യാനികൾ ഒരിക്കലും, "വിഗ്രഹങ്ങളുള്ള ക്ഷേത്രങ്ങളിൽ ആരാധിക്കുകയോ, വിഗ്രഹങ്ങളുള്ള ഉത്സവങ്ങളിൽ പങ്കെടുക്കുകയോ, വിഗ്രഹങ്ങളുടെ മുമ്പിൽ വച്ചുള്ള വിരുന്നുകളിൽ ഭക്ഷണം കഴിക്കുകയോ ചെയ്യരുത് എന്നുള്ളതാണ്."[4]

വിഗ്രഹാരാധനയുമായി അനുരഞ്ജനപ്പെട്ടവരെ പൗലോസ് ശക്തമായി താക്കീത് ചെയ്തു. വിഗ്രഹാർപ്പിതം ക്രിസ്ത്യാനികൾ ഭക്ഷിച്ചാലും പാപം അവരെ ബാധിക്കില്ല എന്നും ജ്ഞാനത്തിൽ ശക്തരാണെന്നും അവർ അനുമാനിച്ചിരുന്നു. ശക്തരായ ക്രിസ്ത്യാനികളും ബലഹീനരായ ക്രിസ്ത്യാനികളും തമ്മിലുള്ള തർക്കങ്ങൾക്ക് മദ്ധ്യസ്ഥം വഹിക്കുകയല്ലായിരുന്നു പൗലോസ്. വിഗ്രഹാരാധന എല്ലാവരും ഒഴിവാക്കണമെന്ന് അവൻ ഉപദേശിക്കുകയായിരുന്നു.

അപ്പൊസ്തലൻ ബലഹീനരായ ക്രിസ്ത്യാനികളെ 8:7–13 വരെയുള്ള വേദഭാഗത്തിൽ പരാമർശിക്കുമ്പോൾ, വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിൽവച്ച് വിഗ്രഹാർപ്പിതം ഭക്ഷിക്കുന്ന മറ്റ് ക്രിസ്ത്യാനികളെ കാണുമ്പോൾ, അത് ആരുടെ വിശ്വാസത്തിന് ഭീഷണിയായിത്തീരുന്നുവോ അങ്ങനെയുള്ള വിശ്വാസിയായിട്ടാണ് അവൻ ഗ്രഹിക്കുന്നത്. പൗലോസിനെ സംബന്ധിച്ച് അതൊരു തെറ്റാകാനുള്ള സാധ്യതയുണ്ട് (8:11). *അവൻ ആരെയും "ശക്തൻ" എന്ന് ഈ പശ്ചാത്തലത്തിൽ വിളിക്കുന്നില്ല, അതുപോലെതന്നെ ആർക്കും വിഗ്രഹാർപ്പിതം ഭക്ഷിക്കുവാനുള്ള അനുവാദവും കൊടുക്കുന്നില്ല.*

പൗലോസ് തന്റെ ചർച്ച തുടരുമ്പോൾ, അവന്റെ പ്രത്യേക പരിഗണനകൾ കൂടുതൽ തെളിവോടെ വെളിപ്പെടുന്നു. വിഗ്രഹാർപ്പിതങ്ങൾ ഭക്ഷിക്കുന്ന തിനെ പൗലോസ് എതിർക്കുന്നത് അത് ഭക്ഷിക്കുന്നവരിൽ (10:19, 20) എതെങ്കിലും തരത്തിലുള്ള പൈശാചിക ശക്തി ഉണ്ടെന്നുള്ള നിലയിലല്ല. സ്വകാര്യ ഭവനത്തിൽ വച്ച് ഈ ആഹാരം ഭക്ഷിക്കുന്നത്, ഉദാഹരണമായി, ആരുടെയും ശ്രദ്ധ ആകർഷിക്കപ്പെടാത്തതുകൊണ്ട് പൂർണ്ണമായും അംഗീകരിക്കാവുന്നതാണ് (10:27). മാംസം ഭക്ഷിക്കുന്നതിനെക്കുറിച്ചല്ല പൗലോസിന്റെ പരിഗണന, "വിഗ്രഹാർപ്പിതമായ" മാംസം പോലും; ദൈവത്തിന് സമർപ്പിക്കപ്പെട്ട ഭക്ഷണം ക്ഷേത്രത്തിൽ വെച്ച് ഭക്ഷിക്കുന്ന കൊരിന്ത്യരെയാണ് പൗലോസ് ഉപദേശിക്കുന്നത് (8:10). വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിൽ വച്ച് വിഗ്രഹാർപ്പിതം ഭക്ഷിക്കുമ്പോൾ, ആ പ്രവൃത്തി സ്വാഭാവികമായും, വിശ്വാസികളുടെ ജ്ഞാനത്തോടുള്ള അഭ്യർത്ഥനയെ കൂട്ടാക്കാത്തതായും മാറുന്നു.

ഒരു ക്രിസ്ത്യാനി ജാതികളുടെ ദൈവങ്ങളെ നിരസിക്കുകയും അതുവരെ ഭക്ഷണമായി കണ്ടു ഭക്ഷിച്ചിരുന്ന വിഗ്രഹാർപ്പിതങ്ങളെ (εἰδωλόθυτον, *ഇഡാലോതുറ്റോൺ*) നിന്ദിക്കുകയും ചെയ്തേക്കാം. എന്തായിരുന്നാലും, ദൈവത്തിനായി സമർപ്പിക്കപ്പെട്ട ക്ഷേത്രത്തിലെ ക്രിസ്ത്യാനിയുടെ സാന്നിദ്ധ്യം വിളംബരം ചെയ്തിരുന്നത് വിശുദ്ധ ഭക്ഷണം അവൻ ഭക്ഷിക്കുകയും അതുവഴി വിഗ്രഹാരാധനയിൽ പങ്കാളിയായിത്തീരുന്നു എന്നുള്ളതാണ്. ഇതൊരു വിഗ്രഹാരാധകന്റെ പെരുമാറ്റം പോലെയുള്ള പെരുമാറ്റം തന്നെയായിരുന്നു, അതുപോലെ തന്നെ ജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ യാതൊരു വ്യത്യാസവും ഉളവായിരുന്നില്ല (8:11 നോക്കുക). പൗലോസിനെ ശ്രദ്ധിക്കുമ്പോൾ, അവൻ ആത്മിയോന്നതി നല്കുന്ന സ്നേഹമുങ്കെിലും ഒരു സാഹചര്യത്തിലും വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിലെ വിഗ്രഹാർപ്പിതമായ മാംസം ഒരു ക്രിസ്ത്യാനി ഭക്ഷിക്കുവാൻ അനുവദിക്കുന്നില്ല (8:10).

**വാക്യം 2.** വിഗ്രഹങ്ങളുള്ള ക്ഷേത്രങ്ങളിൽ പല ആവർത്തി പോകുന്ന കൊരിന്ത്യരെ ശരിയായ പാതയിൽ നടത്തുമ്പോൾ, സത്യമായി ജ്ഞാനമുള്ളവർ അവരുടെ ജ്ഞാനത്തിന്റെ പരിധികളെ തിരിച്ചറിയുന്നവരാണെന്ന് പൗലോസ് വ്യക്തമാക്കുന്നു. ഭിന്നതയുടെ ഉറവിടമാണ് അഹങ്കാരം നിറഞ്ഞ പരിജ്ഞാനമെന്ന് അവൻ നേരത്തെതന്നെ പരാമർശിച്ചിട്ടുണ്ട് (അദ്ധ്യായങ്ങൾ 2; 3). വിഗ്രഹാരാധനയുമായി അനുരജ്ഞനം ചെയ്തവർക്കുണ്ടെന്ന് അവകാശപ്പെടുന്ന ജ്ഞാനം തന്നെയാണ് മുമ്പ് പരാമർശിച്ചിട്ടുള്ള പരിജ്ഞാനം. അത്തരത്തിലുള്ള ജ്ഞാനവും പരിജ്ഞാനവും ഉള്ള ഹൃദയങ്ങളിൽ അഹങ്കാരമാണ് വസിക്കുന്നത്. മുമ്പു തന്നെ, അപ്പോസ്തലൻ തന്റെ വാക്കുകളെക്കുറിച്ച് പറഞ്ഞിരിക്കുന്നത് "മാനുഷിക ജ്ഞാനത്താൽ പഠിച്ചവയല്ല എന്നാണ്" (2:13; നോക്കുക 1:26–31). തങ്ങളുടെ ജ്ഞാനത്തെക്കുറിച്ച് വളരെ ഉന്നതമായ രീതിയിൽ ചിന്തിച്ചിരുന്ന കൊരിന്ത്യരോട്, പൗലോസ് പറഞ്ഞു, താൻ വല്ലതും അറിയുന്നു എന്നു ഒരുത്തനു തോന്നുന്നു എങ്കിൽ, അറിയേണ്ടതുപോലെ അവൻ ഇന്നുവരെ ഒന്നും അറിഞ്ഞിട്ടില്ല. അവരുടെ ജ്ഞാനത്തേക്കാൾ പൗലോസിന്റെ അപ്പോസ്തൊലിക ജ്ഞാനം ഒരു വ്യത്യസ്ത ക്രമത്തിലുള്ളതാണെന്ന് സമ്മതിച്ചു കൊടുക്കേണ്ടത് ആവശ്യമായിരുന്നു.

മറ്റുള്ളവരെ പരിഗണിക്കാതെ പ്രവർത്തിക്കുന്നതിന് ജ്ഞാനം ഒരുകാരണമായി എടുക്കുവാൻ അഹങ്കാരിയും ആത്മീയ പരിജ്ഞാനമില്ലാത്തവനുമാണ്. ക്രിസ്ത്യാനികൾ ആയവർ "(അറിയേണ്ടത്) പോലെ (അവർ) അറിഞ്ഞിരിക്കേ

ണ്ടതാണ്" എന്നത് മാനുഷിക ജ്ഞാനത്തേയും, പ്രകൃതിയിലുള്ളതിനെയും, അനിശ്ചിതത്വത്തെയും സൂചിപ്പിക്കുന്നു. പൂർണ്ണ ജ്ഞാനം എന്നത് ദൈവത്തിന്റെ സാമ്രാജ്യമാണ്. ദൈവം സംസാരിച്ച കാര്യങ്ങൾ മാത്രമാണ് സത്യമെന്ന നിലയിൽ നമുക്ക് അറിയുവാൻ സാധിക്കുന്നത്. വില്യം കോപ്പർ, പത്തൊമ്പതാം - നൂറ്റാണ്ടിലെ ഒരു ബ്രിട്ടീഷ് എഴുത്തുകാരൻ, പറഞ്ഞത് "ജ്ഞാനം എന്നത് കൂടുതൽ നേടുന്തോറും അഹങ്കാരിയാക്കുന്നതും; പരിജ്ഞാനം എന്നത് കൂടുതൽ നേടും തോറും താഴ്മ ഉളവാക്കുന്നതുമാണ്."[5] ജ്ഞാനം, മന:ശാസ്ത്രം പോലെ, ചില സന്ദർഭങ്ങളിൽ ചികിത്സിക്കപ്പെടേണ്ട ഒരുരോഗമാണ്.[6]

**വാക്യം 3**. ഒരു വിശ്വാസി ദൈവത്തെ സ്നേഹിക്കുന്നവൻ, തന്റെ ജ്ഞാനത്തെക്കുറിച്ച് അഹങ്കരിക്കുന്ന ഒരുവനല്ല, അവനെ ദൈവം അറിഞ്ഞിരിക്കുന്നു. എൻ എ എസ് ബി. കൃത്യമായ രീതിയിൽ വായിക്കുന്നെങ്കിൽ, ഒരു അനുസരണമുള്ള വിശ്വാസി ദൈവം അവനെ അറിയേണമെന്നുള്ളതു പോലെതന്നെ ദൈവത്തെ അറിയേണമെന്നുള്ളതിനെയും സ്നേഹിക്കുന്നു. ഒരു ക്രിസ്ത്യാനിയോടുള്ള ദൈവസ്നേഹത്തിന്റെ തെളിവാണ് അവൻ മറ്റുള്ളവരെ സ്നേഹിക്കുന്നത്. മനുഷ്യജീവിതത്തിന്റെ ലക്ഷ്യത്തെക്കുറിച്ച്, ആത്മ-നിയന്ത്രിതനായ അപ്പോസ്തലൻ എന്ന നിലയിൽ, ഒരു വ്യക്തിക്ക് മാനവും മഹത്വവും നല്കുന്ന ജ്ഞാനം നേടന്നതല്ല പ്രധാന്യമെന്ന് മനസ്സിലാക്കിത്തരുന്നു. അതിലുപരിയായി, അവന്റേതെന്നും അവന്റെ ജനമെന്നും അവകാശപ്പെടുന്ന ജീവദാതാവായ ദൈവത്താൽ അറിയപ്പെടണമെന്നുള്ളതാണ് പ്രാധാന്യം.

മുൻപറഞ്ഞ വ്യാഖ്യാനത്തോട് ഏകാന്തരമായത് സമർപ്പിക്കുന്നത് ദൈവം (τὸν θεόν, *ടോൺ തെയോൺ*) എന്നതും അവനാൽ (ὑπ' αὐτοῦ, *ഹൂപ് ഓട്ടൊ*) എന്നതും മൂലഗ്രന്ഥത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു, വളരെ - ബഹുമാനിക്കുന്നതും കൊരിന്ത്യർക്കെഴുതിയ ലേഖനത്തിന്റെ പുരാതന ലിഖിതത്തിൽ നിന്നും ക്ലെമന്റ് നല്കിയ വാക്യങ്ങളിൽ നിന്നും ഇവ ഒഴിവാക്കപ്പെട്ടിരിക്കുന്നു, രണ്ടാം - നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അലക്സാന്ത്രിയയിലെ പണ്ഡിതനായിരുന്നു ക്ലെമന്റ്. പൗലോസിന്റെ മൊത്തത്തിലുള്ള വിശകലനത്തെ ഉറപ്പിക്കുന്ന രീതിയിലാണ് ഈ വാക്കുകളുടെ ഒഴിവാക്കൽ. ഈ വാക്കുകൾ ഒഴിവാക്കുന്നതിലുടെയും, ἔγνωσται (*എഗോസ്തായി*, "അവൻ അറിയുന്നു") എന്ന വാക്ക് ചേർക്കുന്നതിലൂടെയും, തർജ്ജിമ ഇങ്ങനെയാകുന്നു: "ആരെങ്കിലും സ്നേഹിക്കുകയാണെങ്കിൽ, ഇതാണ് സത്യത്തിൽ അറിയുന്നത്." ഈ വായന അഭ്യർത്ഥിക്കുന്നത്; എങ്ങനെയാണ്, കൈയ്യെഴുത്തുപ്രതി നീ വായനയെ സഹായിക്കുന്നു എന്നുള്ളതിന് തെളിവാണ്. ഇത് ഒരു പുതിയ ചിന്തയായതുകൊണ്ട് തന്നിരിക്കുന്ന വ്യാഖ്യാനത്തെ അംഗീകരിക്കുവാൻ സാധ്യമല്ല.

## ദൈവത്തിനെതിരായി വിഗ്രഹങ്ങൾ (8:4-6)

**4വിഗ്രഹാർപ്പിതങ്ങളെ തിന്നുന്നതിനെക്കുറിച്ചോ, ലോകത്തിൽ വിഗ്രഹം ഏതുമില്ല എന്നും, ഏകദൈവമല്ലാതെ ദൈവമില്ല എന്നും നാം അറിയുന്നു,**
**5പല ദേവൻമാരും-പല കർത്താക്കൻമാരും ഉണ്ട് എന്നു പറയുന്നുവല്ലോ, എന്നാൽ ആകാശത്തിലോ ഭൂമിയിലോ ദേവൻമാർ എന്നു പേരുള്ളവർ ഉണ്ടെന്നുവരികിലും, പിതാവായ ഏകദൈവമേ നമുക്കുള്ളു; 6അവൻ സകലത്തിനും കാരണഭൂതനും, നാം അവനായി ജീവിക്കേണ്ടതും ആകുന്നു, യേശുക്രിസ്തു എന്ന ഏകകർത്താവും, നമുക്ക് ഉണ്ട്; അവൻ മുഖാന്തരം**

**സകലവും, അവൻ മുഖാന്തരം നാമും, ആകുന്നു.**

**വാക്യം 4.** ജ്ഞാനവും സ്നേഹവും തമ്മിലുള്ള ആന്തരിക ബന്ധത്തെ കൊരിന്തിലുള്ളവർ പരിഗണിക്കുവാനുള്ള വെല്ലുവിളിക്ക് അടിസ്ഥാനമായ ചർച്ചയ്ക്കാണ് പൗലോസ് തുടക്കമിട്ടിരിക്കുന്നത്. അതിനുശേഷം ചർച്ച ചെയ്യുവാനുള്ള വിഷയത്തിലേക്ക് അവൻ തിരിഞ്ഞു: വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിലെ വിഗ്രഹാർപ്പിതമായ മാംസം ഭക്ഷിക്കുന്നതിനെക്കുറിച്ച്. അവനീ മാംസത്തെക്കുറിച്ച് പരാമർശിച്ചിരിക്കുന്നത് വിഗ്രഹാർപ്പിതങ്ങൾ എന്നാണ് (ഇഡൊലൊതൂറ്റൊൺ) പക്ഷേ ഒരു ജാതീയ ഭക്തൻ ഇതിനെക്കുറിച്ച് പറയുന്നത് "ദൈവത്തിന് ബലി അർപ്പിച്ചത് (ἱερόθυτον, *ഹിറൊതൂറ്റൊൺ*)"[7] എന്നാണ്. ദൈവീകമെന്ന് പറയാത്തതുമൂലം, ഒരു ജാതീയൻ പൗലൊസിന്റെ വിശകലനത്തെ എതിർക്കുവാനോ, ഒരു പക്ഷെ ദേഷ്യം പിടിക്കുവാനോ സാധ്യതയുണ്ട്. അപ്പോസ്തലനറിയാം ഒരു ജാതീയ ക്ഷേത്രത്തിൽ വെച്ച് കശാപ്പ് ചെയ്യുന്നതുകൊണ്ട് അതിന്റെ മാംസം വിശുദ്ധമാകുകയില്ലെന്ന്. ഒരു നല്ല യഹൂദനോ അല്ലെങ്കിൽ ഒരു ക്രിസ്ത്യാനിയോ വിഗ്രഹങ്ങളെക്കുറിച്ചോ, "വിഗ്രഹാർപ്പിതങ്ങളെക്കുറിച്ചോ" വിഗ്രഹങ്ങളുള്ള ക്ഷേത്രങ്ങളെക്കുറിച്ചോ, വിഗ്രഹാരാധനയെക്കുറിച്ചോ സംസാരിക്കുന്നത് വളരെ അവജ്ഞയോടെയായിരിക്കും.

തീർച്ചയായും, കൊരിന്തിലുള്ള ക്രിസ്ത്യാനികൾ ഉണ്ട് എന്ന് അവകാശപ്പെടുന്ന ജ്ഞാനത്തെക്കുറിച്ചാണ് പൗലോസ് പങ്കുവച്ചത്. ഒരു ജാതീയ ദേവന് മുമ്പിൽ സമർപ്പിക്കപ്പെട്ട മൃഗം എന്നത്, ഒന്നുമില്ലാത്തതിന് മുമ്പിൽ സമർപ്പിക്കപ്പെട്ടതായിരുന്നു. ആ ദൈവം ജാതികളുടെ സാങ്കല്പിക ദേവനും, വിഗ്രഹാരാധികളുടെ ആത്മീക പരിജ്ഞാനമില്ലായ്മയുടെ അടയാളവുമായിരുന്നു. പൗലോസ് ഇവിടെ ഊന്നിപ്പറയുന്ന ഒരു കാര്യം ഇത്തരത്തിലുള്ള ദൈവങ്ങൾ ഈ ലോകത്തിൽ നിലനിൽക്കുന്നില്ല എന്നുള്ളതാണ്. വിഗ്രഹങ്ങളെ സേവിക്കുന്നവരിൽ പൈശാചികവും അദൃശ്യവുമായ ശക്തികൾ പ്രവർത്തിക്കുമെന്നും പൗലോസ് ഉറപ്പിച്ചു പറയുന്നു (10:20; നോക്കുക കൊലൊ. 1:16). എന്തായിരുന്നാലും, ഇവയ്ക്കൊന്നും "ഈ ലോകത്തിൽ" സ്വതന്ത്രമായ നിലനില്പ്പില്ല; ഇവയെല്ലാം അധ:പതിച്ച മനസ്സുകളുടെ സൃഷ്ടിയാണ്.

ജാതീയ ദൈവങ്ങൾക്കൊന്നും നിലനിൽപ്പില്ല; എന്നേക്കും നിലനിൽക്കുന്നത് ഒരേ ഒരു ദൈവം മാത്രം. യെഹൂദ മതത്തിന്റെ അടിസ്ഥാനമായിരുന്നു ഷേമ: "യിസ്രായേലേ, കേൾക്കുക! യഹോവ നമ്മുടെ ദൈവമാകുന്നു, യഹോവ ഏകൻ തന്നെ!" (ആവ. 6:4). "അവരുടെ വിഗ്രഹങ്ങൾ പൊന്നും വെള്ളിയും ആകുന്നു, മനുഷ്യരുടെ കൈവേല തന്നെ" സങ്കീർത്തനക്കാരൻ പറഞ്ഞു, വൈരുദ്ധ്യം പ്രദർശിപ്പിച്ചുകൊണ്ട്: "നമ്മുടെ ദൈവമോ സ്വർഗത്തിൽ ഉണ്ട്; തനിക്ക് ഇഷ്ടമുള്ളതൊക്കെയും അവൻ ചെയ്യുന്നു" (സങ്കീ. 115:3, 4). ജോസീഫസ് ഇങ്ങനെ എഴുതി,

> എല്ലാ പദാർത്ഥങ്ങളും, എത്ര വിലയുള്ളതണെങ്കിലും ദൈവത്തിന്റെ രൂപം സൃഷ്ടിക്കുവാൻ തക്ക ശ്രേഷ്ഠമായുള്ളതല്ല; അവനെ വരച്ചു കാട്ടുവാൻ ഒരു കലയ്ക്കും സാധിക്കുകയില്ല. അവനെക്കുറിച്ച് ചിന്തിക്കുവാനോ അവനെ കാണുവാനോ നമുക്ക് കഴിയില്ല, അതുപോലെതന്നെ അവന്റെ സാദൃശ്യത്തിൽ മറ്റൊന്ന് സൃഷ്ടിക്കുവാനോ കഴിയില്ല.[8]

**വാക്യം 5**. ദൈവമെന്ന് വിളിക്കപ്പെട്ടവർ വ്യാമോഹികളായ ചില ആളുകളുടെ കണ്ടുപിടിത്തമായിരുന്നു. ജാതികൾ, അവരുടെ അറിവില്ലായ്മയിൽ, ഇതിൽ ചില ദൈവങ്ങളെ സ്വർഗത്തിലും ചിലരെ ഭൂമിയിലും സ്ഥാപിച്ചു. എല്ലാ മുക്കിലും മൂലയിലും അവരെ കാണുവാൻ തുടങ്ങി. നാലുംകൂടിയ കവലകൾ ഹെർമസിന്റെ ആരാധനാസ്ഥലമായി മാറി. എല്ലാ മരക്കൂട്ടങ്ങളിലും, എല്ലാ നീരുറവകളിലും, എല്ലാ വീടിന്റെയും നെരിപ്പോടിലും അതതിന്റെ ജലദേവത, വനദേവൻ, ആത്മാക്കൾ, പിശാചുക്കൾ എന്നിവരുണ്ടായിരുന്നു. ഒളിമ്പസ് ദൈവങ്ങളെ യവന ഐതീഹ്യപ്രകാരം മലനിരകളുടെ മുകളിലോ സ്വർഗ്ഗത്തിലോ ആണ് പ്രതിഷ്ഠിച്ചിരുന്നത്. ദൈവത്തെക്കുറിച്ചുള്ള ഈ യവന സങ്കല്പങ്ങൾ ഏറ്റവും കുറഞ്ഞത് കൊരിന്തിലുള്ള ചില ക്രിസ്ത്യാനികൾക്കെങ്കിലും പരിചിതമായിരുന്നു. ഭൂതകാലത്തിൽ നിന്നും പിന്തിരിയുക എന്നുള്ളത് കഠിനമേറിയ ഒരു കാര്യമായിരുന്നു, കാരണം അവർ സേവിച്ചുകൊണ്ടിരുന്നത് പല ദൈവങ്ങളെയും പല കർത്താക്കൻമാരെയും യവന-റോമ സംസ്ക്കാരത്തിൽ നിന്നായിരുന്നു.

**വാക്യം 6**. വിഗ്രഹങ്ങളുള്ള ക്ഷേത്രങ്ങളിലെ വിഗ്രഹാർപ്പിതമായ മാംസം ഭക്ഷിക്കുന്നതിനെപ്പറ്റി ക്രിസ്ത്യാനികൾ എന്തു ചിന്തിച്ചാലും, ദൈവം ഏകനാണ് എന്നുള്ളതിന്റെ വെളിച്ചത്തിൽ അവരുടെ പെരുമാറ്റത്തെ വിശകലനം ചെയ്യുകയും, വിഗ്രഹങ്ങൾ ഏതുമില്ല എന്നും, വിഗ്രാഹാരാധികൾ അവർതന്നെ സൃഷ്ടിച്ച ദൈവങ്ങളെയാണ് സേവിക്കുന്നതെന്നും മനസ്സിലാക്കണം. ആളുകൾ വിഗ്രഹങ്ങളെ സേവിക്കുന്നതിനോട് ബന്ധപ്പെട്ട്, ക്രിസ്ത്യാനികൾക്ക് പിതാവായി ഒരു ദൈവമേയുള്ളൂ എന്നറിയാം. പൗലോസ് ആ ദൈവത്തെക്കുറിച്ചാണ് പഠിപ്പിക്കുന്നത്, യേശുക്രിസ്തുവിന്റെ പിതാവായ ദൈവം, ആ ദൈവം ഏകനും സകലത്തിന്റെയും സൃഷ്ടിതാവും പുരാതന ലോകത്തിന്റെ ദൈവീകതയെക്കുറിച്ചുള്ള അനുമാനങ്ങളെ വെല്ലുവിളിച്ചവനുമാണ്. യെഹൂദ മതത്തെയും, ക്രിസ്ത്യാനിത്വത്തെയും സംബന്ധിച്ച് ദൈവം ഏകൻ എന്നുള്ള കാഴ്ചപ്പാട് അടിസ്ഥാനപരമായുള്ളതും ആവർത്തിച്ചു പറയുമ്പോൾ മടുപ്പുളവാക്കുന്നതും ആയിരുന്നു (8:4 നോക്കുക). എല്ലാ ജീവനും അവനിൽ നിന്നുള്ളതും അവനാൽ നിലനില്ക്കുന്നതുമാണ്; ക്രിസ്തുവിൽ എല്ലാ കാര്യങ്ങളും അടങ്ങിയിരിക്കയും, നാം അവനാൽ നിലനില്ക്കുകയും ചെയ്യുന്നു.

വേദപുസ്തകപരമായി ഏറ്റവും പ്രധാനപ്പെട്ട ഒരുകാര്യമാണ് ദൈവം സൃഷ്ടിതാവ് എന്നുള്ളത്, ഏന്നാൽ ദൈവം സൃഷ്ടിതാവ് എന്നുള്ളത് യുക്തിക്ക് നിരക്കാത്ത കാര്യമായി പരിഗണിക്കുന്നവരുമുണ്ട്. പ്രപഞ്ചത്തിന്റെ ഉല്പന്നമായിട്ടാണ് പൂർവ്വികർ ദൈവങ്ങളെ കണ്ടിരുന്നത്, അല്ലാതെ സൃഷ്ടിക്കുന്നവരായിട്ടല്ല. പൗരാണിക സൃഷ്ടിയായ എനുമാഏലീശ് (അർത്ഥം "എപ്പോഴാണോ ഉയരത്തിൽ") എന്ന ഐതിഹ്യത്തിന്റെ ആരംഭവാക്കുകളിൽ ദൈവങ്ങൾ ഭൂമിയിൽ നിന്നും ഉളവായി എന്നു അനുമാനിക്കുന്നു. മനുഷ്യജാതിക്ക് മാതാവും പിതാവുമായിരിക്കുന്നതിലുപരിയായി, അവരെ സേവിക്കുവാൻ ഒരു വംശത്തെ സൃഷ്ടിച്ചു ദൈവങ്ങളായാണ് ഇവരെ ആളുകൾ വിശ്വസിച്ചിരുന്നത്. മാനുഷീക കഷ്ടതയോട് സ്ഥായിഭാവം നിലനിർത്തിയവർ ആയിരുന്നില്ല അക്കാഡിയൻ ഐതിഹ്യത്തിലുള്ള ദൈവങ്ങൾ.[9] പൗലോസ് പഠിപ്പിക്കുന്ന ദൈവം, ഏകനും സകലത്തിന്റെയും സൃഷ്ടിതാവും പുരാതന ലോകത്തിന്റെ ദൈവീകതയെക്കുറിച്ചുള്ള അനുമാനങ്ങളെ വെല്ലുവിളിച്ചുവനുമാണ്.

വിഗ്രഹങ്ങൾ, പൗലോസിന്റെ വീക്ഷണകോണിൽ നിന്നും, മാനുഷിക സങ്കല്പത്തിന്റെ ഉല്പ്പന്നങ്ങൾ മാത്രമാണ്. അഹങ്കാരത്തിൽനിന്നും അറിവില്ലായ്മയിൽ നിന്നും ആണ് അവർ ജന്മം കൊണ്ടിരിക്കുന്നത്. യിസ്രായേലിന്റെ ദൈവത്തെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ ഉറവിടം ദൈവത്തിന്റെ തന്നെ സ്വന്തമായ വെളിപ്പാടാണ്. പിതാവായ ദൈവത്തെ ഒരിക്കലും ജാതികളുടെ ദൈവങ്ങളുമായി താരതമ്യപ്പെടുത്തുവാൻ സാധിക്കുകയില്ല. പക്ഷപാതരഹിതനായ ദൈവം എന്ന നിലയിൽ അവൻ യിസ്രയേലിനെയും ജാതികളെയും സ്നേഹിച്ചിരുന്നു (പ്രവൃ. 10:34; റോമ. 2:11). ദൈവം സകലരെയും പോറ്റിപ്പുലർത്തുന്നു; നാം അവനായി നിലകൊള്ളുകയും "അവനിലൂടെ നിലനില്ക്കുകയും" ചെയ്യുന്നു.

ദൈവം ഏകനെന്നതിൽ വ്യത്യാസം വരുത്താതെ തന്നെ, പൗലോസ് ഒരു കർത്താവ്, യേശുക്രിസ്തു എന്നതിലേക്ക് കടന്നുവരുന്നു. യേശുക്രിസ്തുവിന്റെ കർത്തൃത്വം ഒരു രീതിയിലും ദൈവത്തിന്റെ ഏകത്വത്തെ ഖണ്ഡിക്കുന്നില്ല. ദൈവമാണ് എല്ലാറ്റിന്റെയും ഉറവിടം, എന്നാൽ യേശുക്രിസ്തുവിനെക്കുറിച്ച് കൃത്യമായി പറയുമ്പോൾ, "അവനാണ് സകലത്തിന്റെയും കാരണഭൂതൻ". പിതാവിനെക്കുറിച്ച് നാം പറയുന്നത് പുത്രനായും ഉപയോഗിക്കാൻ കഴിയും. ദൈവത്തിനായാണ് മാനവജാതി നിലനില്ക്കുന്നത് എന്നുള്ളത്, ശരിയായിരിക്കുന്നതുപോലെ "കിസ്തുവിലൂടെ നാം നിലനിൽക്കുന്നു" എന്നുള്ളതും ശരിയാണ്. പുതിയ നിയമത്തിൽ ഉപയോഗിക്കാത്ത ഒരു വാക്കാണ് "ത്രിത്വം" എങ്കിലും, അത്തരത്തിലൊരു ആശയം വളരെ അത്യാവശ്യമായിരുന്നു. പുതിയ നിയമം മുഴുവൻ പുകഴ്ച്ചയും ക്രിസ്തുവിന് നല്കുമ്പോൾ, ദൈവത്തിന് മാത്രമാണ് അതിന് അർഹതയുള്ളത്. യേശു ആദിമുതലേ ദൈവമാണ് (യോഹ. 1:1). അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണത (കൊലൊ. 2:9).

പൗലോസ് ദൈവത്തിന്റെ ക്രിസ്തുവിനെക്കുറിച്ച് ആലങ്കാരികമായ വിവരണമാണ് ഇവിടെ നല്കുന്നത്; അവനെ ജ്ഞാനത്തിന്റെ ആളത്വമായി ചിത്രീകരിക്കുന്നു. ഈ സാദൃശ്യം കൂടുതൽ വ്യക്തമായി കാണുന്നത് കൊലൊസ്യർ 1:15-17 വരെയുള്ള വാക്യങ്ങളിലാണ്. പൗലോസ് ജ്ഞാനത്തിന്റെ പ്രതിരൂപമായി യേശുവിനെ വരച്ചു കാണിച്ചിരിക്കുന്നത് പഴയ നിയമത്തിലെ, പ്രത്യേകമായി സാദൃശ്യ വാക്യങ്ങളിലെ ഉപമയോടാണ്. വ്യാഖ്യാനിക്കുന്നവർ ഈ സാദൃശ്യത്തെ ജ്ഞാനമായവൾ[10] എന്നതിനോട് ബന്ധിപ്പിക്കുന്നു. യേശുവിന്റെ നിഴലായുള്ള സത്യങ്ങൾ വാക്കുകളിലൂടെ, ജ്ഞാനം പ്രസ്താവിച്ചു, "യഹോവ ജ്ഞാനം തന്റെ വഴിയുടെ ആരംഭമായി, തന്റെ പ്രവൃത്തികളുടെ ആദ്യമായി, എന്നെ ഉളവാക്കി ഞാൻ പരുതനമേ, ആദിയിൽ തന്നെ, ഭൂമിയുടെ ഉല്പത്തിക്കു മുമ്പെ നിയമിക്കപ്പെട്ടിരിക്കുന്നു" (സദൃശ. 8:22, 23). പൗലൊസ് എഴുതിയപ്പോൾ ജ്ഞാനത്തിന്റെ സവിശേഷതകൾ നസ്രായനായ യേശുവിലേക്ക് മാറ്റിക്കൊടുത്തു "അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും, സർവ്വസൃഷ്ടിക്കും ആദ്യജാതനും ആകുന്നു. സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു" (കൊലൊ. 1:15, 16 എ). ജ്ഞാനം പോലെ, യേശു ആദിമുതൽ ഉള്ളവനാണ്; കൂടാതെ, ജ്ഞാനം പോലെ, അവനിലൂടെ സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

പൗലോസ് ഊന്നൽ കൊടുത്ത് പറയുന്ന കാര്യം 8:1 ൽ തന്റെ സ്വീകർത്താക്കളുമായി പങ്കുവയ്ക്കുന്ന ജ്ഞാനമാണ്: വിഗ്രഹാരാധനയിൽ അടങ്ങി

യിരിക്കുന്ന പ്രത്യാശയില്ലായ്മയും അറിവില്ലായ്മയും അവർ എല്ലാവരും അറിയണമെന്ന് പൗലോസ് ആഗ്രഹിക്കുന്നു. വിഗ്രഹാർപ്പിതങ്ങൾ ഭക്ഷിക്കുന്നതുകൊണ്ടോ, ഒരുപക്ഷെ വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിൽ അതുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങളിൽ പങ്കെടുക്കുന്നതോ (8:10) വിഗ്രഹങ്ങൾ ഏതുമില്ല എന്നതുകൊണ്ട് യാതൊരു ഫലവുമില്ലാത്തതാണ്. എന്തായിരുന്നാലും, അപ്പോസ്തലൻ ചൂണ്ടിക്കാണിക്കുന്നത് ക്രിസ്ത്യാനികൾക്ക് ഏകാന്തവാസം നല്ലതല്ല എന്നുള്ളതാണ്; വിശ്വാസസമൂഹത്തിലേക്ക് തങ്ങളാൽ ആവുംവിധം ഓരോരുത്തരും അവരവരുടെ പങ്ക് നല്കുക. അവൻ പിന്നീട് നമ്മളെക്കുറിച്ച് ഇങ്ങനെ എഴുതി. “പലരായ നാം തമ്മിൽ അവയവങ്ങൾ” (റോമ. 12:5). പൗലോസിന്റെ ഉപദേശങ്ങളിൽ നിന്ന് ഇന്നത്തെ ക്രിസ്ത്യാനികൾ പഠിക്കേണ്ടത് ആവശ്യമാണ്. ഒരു വ്യക്തിയുടെ ഹൃദയത്തിലേക്ക് യേശുവിനെ സ്വീകരിക്കുന്നതിലും ഉപരിയായി ഉള്ള കാര്യങ്ങളാണ് പാപക്ഷമയുടെ പങ്കാളിത്തത്തിലേക്കും നിത്യജീവന്റെ പ്രത്യാശ പങ്കു വയ്ക്കുന്നതിലേക്കും കടന്നു വരുന്നത്. ഒരു സമൂഹത്തിൽ ജീവിക്കുമ്പോഴുള്ള ഉത്തരവാദിത്തങ്ങളിൽ നിന്നാണ് ഈ പ്രയോജനങ്ങൾ ലഭിക്കുന്നത്. വ്യക്തിപരമായിട്ടുള്ള പെരുമാറ്റങ്ങളുടെ ഫലങ്ങൾ ശരീരത്തെ മുഴുവൻ ബാധിക്കും.

## ജ്ഞാനവും അതിന്റെ പരിമിതികളും
## (8:7-13)

പൗലോസ് ജ്ഞാനത്തിന് ഊന്നൽ നല്കിയെങ്കിലും, പ്രാധാന്യമുള്ളതെങ്കിലും. സ്നേഹത്തെ മറികടക്കരുതെന്ന് പറഞ്ഞു (8:1). ജ്ഞാനത്തിൽ ആശ്രയിക്കുന്നതിലൂടെ എങ്ങനെ സ്നേഹത്തെ മറികടക്കാം എന്നുള്ളതിന് ഒരു ഉദാഹരണമായി ഇത് നിലനിൽക്കുന്നു. ജ്ഞാനത്താൽ നീതികരിക്കപ്പെട്ടുകൊണ്ട് വിഗ്രഹാർപ്പിതങ്ങൾ ഭക്ഷിക്കുന്ന ക്രിസ്ത്യാനികൾ അവരുടെ സഹസഹോദരങ്ങളോടുള്ള സ്നേഹത്തെയും ഓർക്കണം. പൗലോസ് അവരെ ശാസിച്ചു കാരണം ക്രിസ്ത്യാനകൾ, പ്രകൃതിയാൽ, സാമൂഹിക ബന്ധമുള്ളവരാണ്. പുതിയ നിയമത്തിൽ എല്ലാവരിൽ നിന്നും വേർപ്പെട്ടുള്ള, വ്യക്തിപരമായി നിലനില്ക്കുന്ന ക്രിസ്ത്യാനിത്വത്തെക്കുറിച്ചല്ല പ്രതിപാദിച്ചിരിക്കുന്നത്.

ആർക്കും തന്നെ “ക്രിസ്തുവിൽ” ആണെന്നു പറയുകയും സമൂഹത്തിലെ മറ്റു വിശ്വാസികളുമായി വേർപ്പെട്ടും ജീവിക്കുവാൻ സാധിക്കുകയില്ല. ക്രിസ്തുവിന്റെ ശിഷ്യൻമാർ അവന്റെ ശരീരമാണ്, അവന്റെ സഭ (എഫെ. 1:22, 23). സഭയിൽ നിന്നു വേർപെട്ട് നില്ക്കുന്ന ഒരു ക്രിസ്ത്യാനി ഒരു മരത്തിൽ നിന്ന് മാറി നിൽക്കുന്ന ശിഖരം പോലെയാണ് (യോഹ. 15:1–6); ഇതിന് ഫലം പുറപ്പെടുവിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ, ഒരു വിശ്വാസി വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിലിരിക്കുമ്പോൾ, അവന്റെ ജ്ഞാനമോ ജ്ഞാനമില്ലായ്മയോ മാത്രമല്ല പരിഗണിക്കുന്നത്. ഓരോ വിശ്വാസിയുടെയും പ്രവൃത്തിയെ സഭ വിശകലനം ചെയ്യുന്നതാണ്. ഒരു വ്യക്തിയുടെ പെരുമാറ്റത്തിന്റെ അനന്തരഫലങ്ങൾ അവനും കർത്താവുമായുള്ള ബന്ധത്തെ മാത്രമല്ല ബാധിക്കുന്നത്. ഒരു ക്രിസ്ത്യാനിയുടെ പ്രവൃത്തികൾ സഭയെന്ന ശരീരത്തെ മുഴുവനായും ബാധിക്കുന്നു.

ഭൂതങ്ങളുടെ മേശയിൽ പങ്കാളികളാകുന്നു എന്ന കാരണത്താൽ പൗലോസ് ചിലരെ വിഗ്രഹാർപ്പിതങ്ങൾ വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിൽവെച്ച് ഭക്ഷിക്കുന്നതിനെ വിലക്കുന്നതായി കാണുവാൻ കഴിയും (10:14–21 നോക്കുക).

വിഗ്രഹങ്ങളോടൊപ്പമുള്ള സഹവാസം വിഗ്രഹാരാധനയിൽ എത്തിച്ചേരുന്ന തായാണ് യിസ്രായേലിന്റെ പൂർവ്വചരിത്രം പഠിപ്പിക്കുന്നത്. വിഗ്രഹാരാധാനയു മായുള്ള അനുരഞ്ജനം. ഒരു കാലത്തും സഭയിൽ അനുവദനീയമല്ല. വിഗ്ര ഹാരാധകരോടൊപ്പമുള്ള ഭക്ഷണം ഈ സഹോദരൻമാരുമായും യിസ്രായേ ലിന് അധ:പതനത്തിലേക്ക് നയിച്ചേക്കാം. ദൈവത്തോടും അന്യോന്യവുമുള്ള വിശ്വാസികളുടെ ബന്ധങ്ങളുടെ മാർഗ്ഗദർശനമാണ് സ്നേഹം. ജാതികളുടെ അനുഷ്ഠാനങ്ങളിലുള്ള പങ്കാളിത്തത്തെ ജ്ഞാനം കൊണ്ട് നീതികരിക്കാൻ സാധിക്കില്ലെന്ന് കൊരിന്തിലുള്ള വിശ്വാസികൾ മനസ്സിലാക്കണമെന്ന് പ ൗലോസ് ആഗ്രഹിച്ചു. ക്രിസ്തുവിൽ രക്ഷിക്കപ്പെട്ട ആളുകൾക്ക് ഒരിക്കലും അംഗീകരിക്കുവാൻ സാധിക്കാത്ത സ്വഭാവമായിരുന്നു ഇത്.

**ഒരു ബലഹീനനായ വിശ്വാസിയുടെ മനസ്സാക്ഷി (8:7, 8)**

കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിൽ ഭൂതങ്ങളുടെ പ്രതിനിധിയാ യാണ് വിഗ്രഹങ്ങളെ അപ്പോസ്തലൻ വിശുദ്ധീകരിക്കുന്നത്. ഒരു നിമിഷം, ദൈവത്തോടും അന്യേന്യവുമുള്ള വിശ്വാസികളുടെ ബന്ധങ്ങളുടെ മാർഗ്ഗ ദർശനമായിട്ടാണ് അവൻ സ്നേഹത്തെ പരിഗണിക്കുന്നത്. കൊരിന്തിലുള്ള ശക്തരായ ക്രിസ്ത്യാനികളും ബലഹീനരായ ക്രിസ്ത്യാനികളും തമ്മിലുള്ള തർക്കത്തിന് മദ്ധ്യസ്ഥത വഹിക്കുകയാണ് താനെന്ന് സൂചിപ്പിക്കുന്ന ഒരു സൂചനയും ഇവിടെ കാണാനില്ല. കൊരിന്തിലുള്ള വിശ്വാസികൾ ജാതീയ അനുഷ്ഠാനങ്ങളിലുള്ള അവരുടെ പങ്കാളിത്തത്തെ ജ്ഞാനം കൊണ്ട് നീതി കരിക്കുക എന്നതിനെ അഭിമുഖീകരിക്കുകയാണ് പൗലോസിന്റെ ഉദ്ദേശം. അപ്പോസ്തോലന് അംഗീകരിക്കാൻ സാധിക്കാത്ത സ്വഭാവമായിരുന്നു ഇത്.

**[7]എന്നാൽ എല്ലാവരിലും ഈ അറിവില്ല, ചിലർ, ഇന്നുവരെ വിഗ്രഹപരി ചയം, ഹേതുവായി, വിഗ്രഹാർപ്പിതം എന്നുവച്ചു തിന്നുന്നു; അവരുടെ മന സ്സാക്ഷി ബലഹീനമാകയാൽ മലിനമായിത്തീരുന്നു. [8]എന്നാൽ ആഹാരം ന മ്മെ ദൈവത്തോട് അടുപ്പിക്കുന്നില്ല; തിന്നാതിരുന്നാൽ നമുക്കു നഷ്ടമില്ല, തിന്നാൽ ആദായവുമില്ല.**

**വാക്യം 7.** എന്നാൽ പരിഭാഷപ്പെടുത്തിയിരിക്കുന്നത് യവനഭാഷയിലെ കൂട്ടിയോജിപ്പിക്കുന്ന ഒരു വാക്കായ *ἀλλά*, (*അല്ലാ*) എന്ന വക്കു കൊണ്ടാണ് ഈ വാക്കിന്റെ അർത്ഥം “പക്ഷെ” എന്നാണ്. അപ്പോസ്തലൻ ഒരു അടിസ്ഥാ നമിട്ട ശേഷം, അതിന്റെ മുകളിൽ പണിയുവാൻ തയ്യാറെടുത്തിരിക്കുകയാണ്.

കഴിഞ്ഞകാലങ്ങളിൽ ദൈവം നല്കിയ സന്ദേശങ്ങളോട് പൗലോസിനോ കൊരിന്തിലുള്ള വിശ്വാസികൾക്കോ യാതൊരു വിയോജിപ്പുമില്ല. യിരെമ്യാവ്, പ്രവാചകൻമാരിൽ പ്രധാനപ്പെട്ട ഒരുവൻ, വ്യാജ ദൈവങ്ങൾ സഹായിപ്പാൻ കഴിയാത്തവരാണെന്നും അത് ഇളകാതിരിക്കേണ്ടതിന് ആണിയും ചുറ്റികയും കൊണ്ട് അതിനെ ഉറപ്പിക്കുന്നു എന്ന് ചൂണ്ടിക്കാട്ടി. അവ വെള്ളരിത്തോ ട്ടത്തിലെ തൂണുപോലെയാകുന്നു (യിരെ. 10:4,5). അവർ യിസ്രായേലിന്റെ ദൈവത്തെ പോലെയല്ല, അവർക്ക് ക്രിസ്ത്യാനിയോ ജാതീയനോ ആയ ഒരു വ്യക്തിയുടെ മുകളിൽ ശാപമോ, അനുഗ്രഹമോ കൊണ്ടുവരുവാൻ കഴിയില്ല (യെശ. 45:7; എൻ ആർ. എസ്. വി). എന്തായിരുന്നാലും ദൈവം ഏകനാ ണെന്നുള്ള പൊതുവായും സ്വകാര്യമായുമുള്ള സാക്ഷ്യം ഒരു ക്രിസ്ത്യാനി

വഹിക്കുക എന്നതിന്റെ ആവശ്യത്തിൽ നിന്ന് മാറി നില്ക്കുവാൻ ഈ അറിവുകൾക്കൊന്നും കഴിയില്ല, നമ്മുടെ ദൈവം സൃഷ്ടിതാവും കർത്താധികർത്താവുമാണ്. അടയാളങ്ങളായുള്ള പ്രവൃത്തികളാണ് പങ്കാളിത്തത്തിന്റെ അന്തസത്ത; ഒരു ക്ഷേത്രത്തിൽ ഉള്ള യവന-റോമ പ്രതിമകളുടെ മുമ്പിൽ സമർപ്പിക്കപ്പെട്ട മാംസം ഭക്ഷിച്ചു ബാഹികമായുള്ള പ്രവൃത്തിയെ മാനസികമായുള്ള പിൻമാറ്റത്തിലൂടെ ഒഴിവാക്കുവാൻ കഴിയില്ല.

ജാതീയ ആചാരങ്ങളിലുള്ള പങ്കാളിത്തത്തെ ജ്ഞാനത്താൽ നീതികരിക്കുവാൻ കഴിയില്ല കാരണം ക്രിസ്തീയ സ്വാധീനം അത്രത്തോളമുണ്ടായിരുന്നു. പൗലോസ് പോലും ചില ആളുകളുടെ ജ്ഞാനം ഉന്നതമെന്ന് സമ്മതിച്ചു, ഇത് സത്യമായി കാണാവുന്നത് എല്ലാവരിലും ഈ അറിവില്ല എന്നതിലൂടെയാണ്. ഓരോ വ്യക്തിയും അവന്റെ പ്രവൃത്തി മറ്റുള്ളവരെ എങ്ങനെ സാധിക്കുന്നു എന്നുള്ളത് തീർച്ചയായും പരിഗണിച്ചിരിക്കണം. പൗലോസ് "ബലഹീനനായ" ഒരു വ്യക്തിയെ കുറ്റപ്പെടുത്തകയല്ല ഇവിടെ ചെയ്യുന്നത്. പൗലോസ് ആളുകളെ അറിഞ്ഞുകൊണ്ട്, മനസ്സിലാക്കിയ ഒരുകാര്യം ക്രിസ്തുവിനെ എറ്റുപറഞ്ഞ ആളുകൾ അവർ ബഹുമാനിക്കുന്ന ക്രിസ്തുവിൽ ഉള്ള സഹോദരൻമാരും സഹോദരിമാരും വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിൽ ജാതീയ ആചാരങ്ങൾ അനുഷ്ഠിക്കുന്നതു കാണുമ്പോൾ വിഗ്രഹങ്ങൾക്ക് പ്രാധാന്യമുണ്ടെന്ന് അവർ അനുമാനിച്ചേക്കാം. അവരുടെ പ്രവൃത്തി സഹസഹോദരങ്ങളെ ബാധിക്കുന്നു എന്നു മാത്രമല്ല, വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിൽ ഇരുന്നു ഭക്ഷണം കഴിക്കുന്ന മറ്റുള്ളവർ ക്രിസ്ത്യാനികളെക്കുറിച്ച് അവിശ്വാസികളുടെ ഒരുവലിയ കൂട്ടത്തോട് സംസാരിക്കുന്നത് ഇതിനെ ആസ്പദമാക്കിയായിരിക്കും. ഇത് കാണുന്ന മറ്റുള്ളവർ ചിന്തിക്കുവാനിടയുള്ളത് ക്രിസ്തുവും മറ്റ് ദൈവങ്ങളെപോലെയുള്ള ഒരുദൈവം മാത്രമാണ് എന്നായിരിക്കും.

അളുകൾ ആരൊക്കെയാണോ തുടർച്ചയായി വിഗ്രഹാർപ്പിതം എന്നു വെച്ച് ഭക്ഷിക്കുന്നതു ക്രിസ്ത്യാനികൾ[11] മാതൃകയില്ലാതെ ജീവിക്കുന്നതുമൂലം അവർക്ക് ബുദ്ധിമുട്ടുണ്ടാകുന്നു. അവരുടെ മനസ്സാക്ഷി തുടർന്നു മലിനപ്പെടുന്നു കാരണം അത് ബലഹീനമാണ്. പൗലോസ് ഉപയോഗിച്ച "മനസ്സാക്ഷി" എന്ന വാക്ക് കൊണ്ട് ഉദ്ദേശിക്കുന്നത്, ചില പെരുമാറ്റങ്ങൾ അംഗീകരിക്കുകയും ചിലരെ വിധിക്കുകയും ചെയ്യുന്ന നമ്മളിൽ നിന്നു തന്നെയുള്ള ചെറിയ ശബ്ദമായിട്ടല്ല. എങ്ങനെയാണ് ഒരു വ്യക്തിയുടെ മനസ്സാക്ഷി "മലിനപെടുന്നത്" മറ്റൊരു വ്യക്തി വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിലെ ഭക്ഷണത്തിൽ പങ്കാളിയാവുന്നത് കാണുന്നതിലൂടെ? ഒരു മനസ്സാക്ഷിക്കുത്ത് അവിടെ സംഭവിച്ചേക്കാം, പക്ഷെ എങ്ങനെയാണ് അത് മലിനപ്പെടുന്നത്?

പൗലോസിന്റെ കാലത്ത്, "മനസ്സാക്ഷി" (συνείδησις, *സുനേഡെസീസ്*) എന്നതിന് സാമൂഹികമായി വളരെയധികം പ്രാധാന്യമുണ്ട്. ഈ വാക്ക് അവരുടെ മനസ്സിലേക്ക് കൊണ്ടുവരുന്നത് "തെറ്റും ശരിയും തമ്മിൽ വേർപിരിക്കുന്ന ഉള്ളിലുള്ള പ്രാപ്തിയായി"[12] (റോമ. 2:15 നോക്കുക) മാത്രമല്ല, അത് നിർദ്ദശിക്കുന്ന മറ്റു ചില കാര്യങ്ങൾ കുടുംബാംഗങ്ങളുടെ കൂട്ടം, അയൽക്കാർ, അകമെയുള്ള കാഴ്ചപ്പാടിലെ സുഹൃത്തുക്കൾ എന്നിവരും ഉൾപ്പെടുന്നു. മറ്റുള്ളവരുടെ അനുവാദവും അനുവാദമില്ലായ്മയും മനസ്സാക്ഷിയിൽ ഉൾപ്പെടുന്നു: "ഒരു കൂട്ടത്തെ-ലക്ഷ്യമാക്കിയുള്ള സമൂഹത്തിൽ, ... മനസ്സാക്ഷി പ്രതിനിധീകരിക്കുന്നത് ഉപദേശം, ആചാരങ്ങൾ, നിയമങ്ങൾ, പ്രശംസ, ഒരാളുടെ ജീവിതത്തിലെ മറ്റു മനുഷ്യരുടെ ശാസന എന്നിവയാണ്."[13]

ദൈവം ഏകനെന്ന് മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ട ഒരു വിശ്വാസി, ഒരു ക്രിസ്ത്യാനി വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിലിരുന്ന് ഭക്ഷിക്കുന്നത് കാണുമ്പോൾ തനിക്കും ജാതീയ ദൈവങ്ങളുടെ ആരാധനയോട് ബന്ധപ്പെട്ടുള്ള അനുഷ്ഠാനങ്ങളിൽ പങ്കെടുക്കാമെന്ന് തെറ്റിദ്ധരിക്കുന്നു. ഈ രീതിയിൽ ജ്ഞാനമുണ്ടെന്ന് അവകാശപ്പെടുന്ന ഒരു ക്രിസ്ത്യാനി വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നതിലൂടെ മറ്റൊരു വ്യക്തിയുടെ മനസ്സാക്ഷിയെ മലിനപ്പെടുത്തുന്നു.

**വാക്യം 8**. ഏതു സന്ദർഭത്തിലും, പൗലോസ് വിശകലനം ചെയ്തത്, ആഹാരം നമ്മെ ദൈവത്തോട് അടുപ്പിക്കുന്നില്ല എന്നുള്ളതാണ്. ഇവിടെ "ആഹാരം" (βρῶμα, *ബ്രോമാ*) എന്നുള്ളതിന് പൗലോസ് തിരഞ്ഞെടുത്തത് സാധാരണയായുള്ള വാക്കാണ്; വിശുദ്ധ മാംസം എന്നോ പൊതുവായുള്ള മാംസമെന്നോ ഇവിടെ എടുത്തു പറയുന്നില്ല. ദൈവീകമായ ജീവിതത്തിൽ ഒരു വിശ്വാസി കഴിക്കുന്ന ഭക്ഷണത്തിന് വളരെ ചെറിയ പങ്കാണുള്ളത് എന്ന് അപ്പോസ്തലൻ സമ്മതിക്കുന്നു. അതുകൊണ്ട് നാം തിന്നാഞ്ഞാൽ നമുക്ക് നഷ്ടമില്ല, തിന്നാൽ ആദായവുമില്ല എന്നു പറയുന്നത്. മാംസം ഭക്ഷിക്കുന്നത് ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രമായിരുന്നു യവന-റോമ പട്ടണങ്ങളുടെ ചരിത്രത്തിലെന്നിരുന്നാലും, വിഗ്രഹങ്ങളുള്ള ക്ഷേത്രങ്ങളിലേക്കുള്ള പോക്ക് നിർത്തിയവർ മാംസം ഭക്ഷിക്കുന്നതു തന്നെ ഒഴിവാക്കിയിരുന്നിരിക്കണം. പ്രത്യേക സാഹചര്യങ്ങളിൽ മാത്രമേ മാംസം യവന-റോമ സാമ്രാജ്യങ്ങൾ ഭക്ഷിച്ചിരുന്നുള്ളൂ എന്നതിന് ജെറോം മർഫി ഒ കൊണോർ തെളിവു നല്കിയിട്ടുണ്ട്:

> ജാതികളുടെ വിപുലമായ ഉത്സവങ്ങളുടെ സമയത്താണ് കൊരിന്തിൽ (മറ്റെല്ലായിടത്തും) മാംസം വളരെ വിലക്കുറവിൽ കിട്ടുന്നത്. അവിടെ കുറഞ്ഞ കാലഘട്ടത്തിൽ ധാരാളം മൃഗബലികൾ നടന്നിരുന്നുവെങ്കിലും പുരോഹിതൻമാർക്കോ അതിൽ പങ്കെടുത്തിരുന്നവർക്കോ ആ മാംസം ഭക്ഷിക്കുവാൻ കഴിഞ്ഞിരുന്നില്ല.[14]

ക്രിസ്ത്യാനികളിൽ നിന്നും സാമൂഹിക സാഹചര്യങ്ങൾ, ഉത്സവങ്ങൾ, അല്ലെങ്കിൽ ഭക്ഷണം വിളമ്പുന്ന മറ്റു സന്ദർഭങ്ങൾ എന്നിവ ഒഴിവാക്കണമെന്ന് പൗലൊസ് ആഗ്രഹിക്കുന്നില്ല. അതേ സമയത്ത് വിഗ്രഹങ്ങളുള്ള ക്ഷേത്രങ്ങളിൽവെച്ച് ഭക്ഷണം കഴിക്കുവാനുള്ള സാഹചര്യം നിരസിക്കുന്നത് നമ്മെ തകർക്കുന്ന സ്വയ-ത്യാഗമല്ലെന്നും ഓർപ്പിക്കുന്നു. അത്തരത്തിലുള്ള മാംസം ഭക്ഷിക്കാതിരിക്കുന്നതിലൂടെ ആത്മീയ നേട്ടം മാത്രമേ ഉണ്ടാവുകയുള്ളൂ. വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിൽ ഭക്ഷണം കഴിക്കുവാനിരിക്കുന്നത് ഒഴിവാക്കുമ്പോഴുള്ള സാമൂഹിക സാമ്പത്തിക അനന്തര ഫലങ്ങൾ ക്രിസ്ത്യാനികൾ എന്നുള്ള നിലയിൽ സ്വീകരിക്കാവുന്നതാണ്.

ഈ രീതിയിൽ മാംസം കഴിക്കുന്നതിനെക്കുറിച്ചുള്ള ചോദ്യത്തോട് സാദൃശ്യമുള്ള ചോദ്യങ്ങളാണ് വിവാഹത്തെയും സന്മാർഗ്ഗീകതയെയും കുറിച്ചുായിരുന്നത്. ലൈംഗീകതയോ മാംസം ഭക്ഷിക്കുന്നതോ തെറ്റായിരുന്നില്ല; ഈ പ്രവൃത്തികൾ തെറ്റോ ശരിയോ എന്ന് നിർവചിച്ചിരുന്നത് സാഹചര്യങ്ങളായിരുന്നു (വെളി. 2:14 നോക്കുക). ശക്തരോ ബലഹീനരോ ആയിരുന്ന ക്രിസ്ത്യാനികൾ തമ്മിലുള്ള തർക്കത്തിന് മധ്യസ്ഥത വഹിക്കുക അല്ലായിരുന്നു പൗലോസ് എന്ന് ഈ വേദഭാഗം സസൂക്ഷ്മം വായിക്കുമ്പോൾ വ്യക്തമാകും.

അല്ലെങ്കിൽ, വിഗ്രഹാരാധന എന്ന് തോന്നുന്ന അനുഷ്ഠാനങ്ങളിൽ പങ്കാളികളാകുന്നതിനെ ജ്ഞാനത്താൽ നീതികരിക്കുന്നു എന്ന് പറഞ്ഞ് ഒഴിവാക്കുക ഇല്ലായിരുന്നു.

**തീരുമാനം ഒരിക്കലും ഒരു ഇടർച്ചക്കല്ലാകരുത് (8:9-13)**

**[9]എന്നാൽ നിങ്ങളുടെ ഈ സ്വാതന്ത്ര്യം ബലഹീൻമാർക്ക് യാതൊരു വിധ**
**ത്തിലും തടങ്ങൽ ആയി വരാതിരിക്കുവാൻ നോക്കുവിൻ. [10]അറിവുള്ളവന**
**ായ നീ ക്ഷേത്രത്തിൽ ഭക്ഷണത്തിനിരിക്കുന്നത് ഒരുത്തൻ കാൽ, ബലഹീ**
**നനെങ്കിൽ, അവന്റെ മനസ്സാക്ഷി, വിഗ്രഹാർപ്പിതങ്ങളെ തിന്നുവാൻ തക്ക**
**വണ്ണം ഉറയ്ക്കുകയില്ലയോ? [11]ആർക്കുവേണ്ടി ക്രിസ്തു മരിച്ചുവോ, ആ**
**ബലഹീനസഹോദരൻ ഇങ്ങനെ നിന്റെ അറിവിനാൽ നശിച്ചു പോകുന്നു.**
**[12]ഇങ്ങനെ, സഹോദരൻമാരുടെ നേരേ പാപം ചെയ്ത് അവരുടെ ബലഹീ**
**ന മനസ്സാക്ഷിയെ ദണ്ഡിപ്പിക്കുമ്പോൾ, നിങ്ങൾ ക്രിസ്തുവിനോടു പാപം**
**ചെയ്യുന്നു. [13]ആകയാൽ, ആഹാരം എന്റെ സഹോദരന് ഇടർച്ചയായിത്തീരും**
**എങ്കിൽ, എന്റെ സഹോദരന് ഇടർച്ച വരുത്താതിരിക്കേണ്ടതിനു, ഞാൻ ഒരു**
**നാളും മാംസം തിന്നുകയില്ല.**

**വാക്യം 9.** അപ്പോസ്തലൻ, ആത്മപ്രേരിതനായി, പ്രധാനപ്പെട്ട ഒരു കാര്യം 8:8ൽ പറയുന്നുണ്ട്, ഈ ചോദ്യത്തിന്റെ പ്രധാനപ്പെട്ട മറ്റു ഘടകങ്ങൾ പരിഗണിക്കുന്നതിൽ തന്റെ വായനക്കാർ പരാജയപ്പെടാതിരിക്കാൻ അദ്ദേഹം കൂടുതൽ സംസാരിക്കുന്നു. ഭക്ഷണം വിശ്വാസികളെ ദൈവത്തോട് അടുപ്പിക്കുന്നില്ല എന്നുള്ളത് ശരിയായ ഒരു കാര്യമാണ്, ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ. ഭക്ഷണം കഴിക്കുന്നതോ കഴിക്കാതിരിക്കുന്നതോ ദൈവീകത്വത്തെ ബാധിക്കുന്ന കാര്യമല്ല, പക്ഷെ നമുക്കുള്ള സ്വാതന്ത്ര്യമോ അല്ലെങ്കിൽ അധികാരമോ (ἐξουσία, *എക്സൂസിയ*) മറ്റൊരാളോടുള്ള സ്നേഹത്തിന് തടസ്സമാകരുത് (8:1). എപ്പോഴാണോ “സ്വാതന്ത്ര്യം” പ്രയോഗിക്കുന്നത് ബലഹീനന് ഇടർച്ചക്കല്ലായി മാറാൻ കാരണമാകുന്നത്, ആ സന്ദർഭത്തിൽ ഒരുവൻ തിരിച്ചറിയേണം അവന് ഉന്നതമായ ജ്ഞാനമില്ലെന്ന്. ഏതങ്കിലും ഒരു ക്രിസ്ത്യാനി ഒരു കാര്യം ചെയ്യുമ്പോൾ തനിക്കതിനുള്ള അധികാരമുണ്ടെന്ന് ന്യായീകരിക്കുകയാണ് എങ്കിൽ, പ്രത്യേകമായും അത് വിശ്വാസികളുടെ ഐക്യതയെ തകർക്കുകയും വിശ്വാസത്തെ ബലഹീനപ്പെടുത്തുകയും ചെയ്യുമ്പോൾ, ആ വ്യക്തിയുടെ പ്രശ്നം സ്നേഹവുമായാണ്.

**വാക്യം 10.** വിഗ്രഹാരാധനയ്ക്കെതിരായി കൊരിന്തിലെ ക്രിസ്ത്യാനികളെ ആവരണം ചെയ്തിരുന്ന വിഗ്രഹങ്ങൾക്കു പ്രാധാന്യമില്ല എന്ന ജ്ഞാനം അവർ മുറുകെ പിടിച്ചപ്പോൾ, നിങ്ങൾ വിഗ്രഹാരാധനയെ ഇടുങ്ങിയ ചിന്താഗതിയിലാണ് മനസ്സിലാക്കിയതെന്ന് പൗലോസ് പറയുകയുണ്ടായി. അവരുടെ വാദഗതികൾക്ക് സൈദ്ധാന്തികമായ വിലയുണ്ടെങ്കിലും അവരുടെ പ്രവൃത്തികൾ ബലഹീന സഹോദരങ്ങളെ വിഗ്രഹാരാധനയിലേക്ക് നയിക്കുന്നതായിരുന്നു. ചില ആളുകൾ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുകയും സ്നാനത്തിലൂടെ അവനെ അനുസരിക്കുകയും ചെയ്തശേഷവും മാനസാന്തരം എന്നതിൽ വളരെയധികം ബുദ്ധിമുട്ടിയിരുന്നു: സത്യദൈവത്തെ ആരാധിക്കുക എന്നതിൽനിന്നും വിഗ്രഹാരാധനയെ വേർപെടുത്തുന്ന അതിർവര

മ്പിലാണ് അവർ ജീവിച്ചിരുന്നത്. ഈ ലോകത്തിൽ ജാതീയ ആത്മാക്കൾക്കും ദൈവങ്ങൾക്കും പ്രവർത്തിക്കുവാൻ കഴിയുന്ന വിശ്വാസത്തെ അതിജീവിക്കുവാൻ വളരെയധികം പ്രയാസമായിരുന്നു. ക്രിസ്തുവിനെ അനുഗമിക്കുന്ന ഒരു വ്യക്തിക്ക് ലോകത്തെ അഭിമുഖീകരിക്കുന്നത് എളുപ്പമാണെന്ന് പൗലോസ് പറയുന്നില്ല. ഒരു ക്രിസ്ത്യാനി ക്ഷേത്രത്തിൽ ഭക്ഷണത്തിന്നിരിക്കുന്നത് കണ്ടാൽ, അവർ ആ ദൃശ്യം ഗ്രഹിക്കുമ്പോൾ ബലഹീനനായ സഹോദരൻ ദൈവത്തിന്റെ വല്ലഭത്വത്തോടും വിശുദ്ധിയോടും അനുരഞ്ജനം ചെയ്യുവാൻ ശക്തനായിത്തീരുന്നു. തങ്ങളെത്തന്നെ ജ്ഞാനികൾ എന്നു ധരിക്കുന്നവർ "ബലഹീനനായ" സഹോദരന്റെ മനസ്സാക്ഷിയെ മലിനപ്പെടുത്തുകയും അവന്റെ വിശ്വാസത്തിൽ നിന്ന് വ്യതിചലിക്കുവാൻ കാരണമാകുന്ന രീതിയിൽ തെററായ വഴികളിലൂടെ നയിക്കുകയും ചെയ്യുന്നു. ജ്ഞാനത്തിന്റെ മറവിൽ നിൽക്കുന്നവരുടെ പെരുമാറ്റരീതികൊണ്ട് ഉറയ്ക്കുന്ന (οἰκοδομηθήσεται, *ഒയ്കോഡോമെതെസെതായ്*) ആളുകൾ വിഗ്രഹങ്ങളോട് ബന്ധപ്പെട്ടുള്ള ഉത്സവങ്ങളിൽ പങ്കെടുക്കുന്നു. ഈ ക്രിയയിലൂടെ, ഭാവികാലത്തിലുള്ള, അക്ഷരീകമായി പൗലോസിന്റെ വാചകം അർത്ഥമാക്കുന്നത്, "ഇത് [മനസ്സാക്ഷി] കെട്ടുപണി ചെയ്യും" ബലഹീനനായ സഹോദരനെ വിഗ്രഹാർപ്പിതങ്ങളെ തിന്നുവാൻ തക്കവണ്ണം എന്നതാണ്.

**വാക്യം 11.** പൗലോസിന്റെ മനസ്സിൽ നിത്യതയെക്കുറിച്ചുള്ള ചിന്തകൾ ഒരിക്കലും ദൂരത്തായിരുന്നില്ല. ഭൗതികകാര്യങ്ങളെ കുറിച്ച് പരാമർശിക്കുമ്പോഴും ദൈവത്തിന്റെ ന്യായവിധിയിലേക്ക് തിരിയുന്നത് പൗലോസിന്റെ രീതിയായി നിലകൊണ്ടു, നാമെല്ലാവരും "അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതിന് തക്കപ്രതിഫലം വാങ്ങേണ്ടവരാണ്" (2 കൊ. 5:10). 1 കൊരിന്ത്യർ 8:11 ന്റെ അടിസ്ഥാനത്തിൽ, ന്യായവിധി നാളിൽ, വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നതിനെ ന്യായീകരിക്കുന്ന മറ്റുള്ളവരുടെ ജ്ഞാനത്താൽ ബലഹീനനായ ക്രിസ്ത്യാനി നശിച്ചുപോകുന്നു. സഹോദരന്റെ നാശത്തെക്കുറിച്ച് അപ്പോസ്തലൻ ഊന്നിപ്പറയുമ്പോൾ ഉപയോഗിക്കുന്ന ക്രിയ "നശിച്ചു" (ἀπόλλυται, *അപ്പോല്യുറ്റായി*) എന്നുള്ളത് ആദ്യമായാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. കൂടാതെ, പൗലോസ് ഊന്നൽ കൊടുത്ത് സംസാരിക്കുന്നത് ആർക്കുവേണ്ടി ക്രിസ്തു മരിച്ചുവോ ആ ബലഹീന സഹോദരന് വേണ്ടീട്ടു കൂടെയാണ്. ഇവിടുത്തെ നിന്റെ (σός, *സൊസ്*) എന്ന വാക്ക് ഒരു ശക്തമായ ഉടമസ്ഥതയെ സംബന്ധിച്ച് സർവ്വനാമമാണ്. ജ്ഞാനത്താൽ വിഗ്രഹാരാധന നീതീകരിക്കുന്നു എന്ന് അവകാശപ്പെടുന്നവരോട് പൗലോസ് ഉന്നയിക്കുന്ന ചോദ്യങ്ങൾ ഇവയാണ്. ക്രിസ്തു മരിച്ചതിന്റെ ഉദ്ദേശത്തെ തള്ളി കളയുന്ന രീതിയിൽ ജ്ഞാനം ഉപയോഗിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? നിങ്ങളുടെ അവകാശങ്ങളിൽ നിങ്ങൾ അതിരുകടന്ന് ആശ്രയിക്കാറുണ്ടോ? ഒരു സഹോദരന്റെ നാശത്തിന് ചെറിയ പ്രാധാന്യമാണോ നിങ്ങൾ കൊടുക്കുന്നത്? ക്രിസ്തുവിന്റ ശരീരമാകുന്ന സഭയുടെ നന്മയേക്കാൾ വ്യക്തിപരമായ താത്പര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുവാൻ ആർക്കെങ്കിലും ധൈര്യമുണ്ടോ?

**വാക്യം 12.** ഒരു ക്രിസ്ത്യാനിയുടെ ദൈവവുമായിട്ടുള്ള ബന്ധം ക്രിസ്തുവിന്റെ ശരീരത്തിന്റെ മറ്റ് അംഗങ്ങളുമായിട്ടുള്ള ബന്ധവുമായി കെട്ടുപിണഞ്ഞ് കിടക്കുന്നു എന്നാണ് പൗലോസ് ഇവിടെ കാണിച്ചു തരുന്നത്. ദൈവജന സമൂഹത്തെ സഭ തുല്യരാക്കുന്നു (കൊലോ. 1:24). ഒരു പുതിയ ജീവിതശൈലിയിൽ രൂപാന്തരത്തിന്റെ ഫലങ്ങൾ ഉണ്ടായിരിക്കണം. ഇങ്ങനെ സഹോദരൻമാരുടെ

മേലെ പാപം ചെയ്ത് അവരുടെ മനസ്സാക്ഷിയെ ദണ്ഡിപ്പിക്കുമ്പോൾ, പൗലോസ് പറഞ്ഞു, നിങ്ങൾ ക്രിസ്തുവിനോട് പാപം ചെയ്യുന്നു.

ദമസ്കോസിലേക്കുള്ള വഴിയിൽ അപ്പോസ്തലനുണ്ടായ അനുഭവത്തെ അവൻ ഈ സമയം ഓർത്തിരുന്നിരിക്കാം. അവൻ ഒരു കാലത്ത് "കർത്താവിന്റെ ശിഷ്യൻമാരുടെ നേരെ ഭീഷണിയും കുലയും നിശ്വസിച്ചു കൊണ്ട് നടന്നിരുന്നു" (പ്രവൃ.9:1). കർത്താവ് അവന് പ്രത്യക്ഷപ്പെട്ടപ്പോൾ, അവൻ ചോദിച്ചു, "ശൗലേ, ശൗലേ, നീയെന്നെ ഉപദ്രവിക്കുന്നതെന്ത്?" (പ്രവൃ. 9:4). ഒരു സഹോദരന്റെ മനസ്സാക്ഷിയെ മുറിവേൽപിക്കുകയോ അവനെതിരെ പാപം ചെയ്യുകയോ ചെയ്താൽ ക്രിസ്തുവിനെതിരെയാണ് പാപം ചെയ്യുന്നത്. ക്രിസ്തുവിന്റെ ശരീരത്തെ കെട്ടുപണി ചെയ്യുന്ന ഏതൊരു പ്രവൃത്തിയും ക്രിസ്തുവിനാൽ ബഹുമാനിക്കപ്പെടുന്നവയുമാണ്. അവിടെ രൂപാന്തരം സത്യമായി വരും.

**വാക്യം 13**. യോശുവയുടെ പ്രതിജ്ഞയിലുള്ള ആത്മാവ് പോലെ ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും (യോശുവ. 24:15 ബി), പൗലോസ് പ്രസ്താവിച്ചു, ആകയാൽ ആഹാരം എന്റെ സഹോദരന് ഇടർച്ചയായി തീരും എങ്കിൽ, എന്റെ സഹോദരന് ഇടർച്ച വരുത്താതെ ഇരിക്കേണ്ടതിന് ഞാൻ ഒരു നാളും മാംസം തിന്നുകയില്ല. തന്റെ അവകാശങ്ങളെ മുറുകെ പിടിക്കുന്നതിലും ഉപരിയായി ഒരു കാരണവശാലും "ഒരു സഹോദരന് ഇടർച്ച" ഉണ്ടാക്കരുത് എന്നുള്ളതിന് പ്രാധാന്യം കൊടുക്കുന്ന വ്യക്തിയാണ് അപ്പോസ്തലൻ, ഉന്നതമായ ജ്ഞാനത്താൽ ആ അവകാശങ്ങൾ നീതീകരിക്കപ്പെടുന്നു എങ്കിൽപോലും. തന്റെ മാതൃക മറ്റുള്ളവരും പിൻതുടരണമെന്ന് അവൻ ആഗ്രഹിക്കുന്നു. പൗലോസ് ആഗ്രഹിക്കുന്നത് വ്യക്തിപരമായി; അപ്പോസ്തലനും ഉപദേഷ്ടാവും എന്ന നിലയിൽ, ഒരു ആത്മീക മാർഗ്ഗദർശിയുടെ ഉത്തരവാദിത്തങ്ങൾ അവൻ സ്വീകരിച്ചു. അതേ സമയത്ത്, ഓരോ ക്രിസ്ത്യാനിയും എങ്ങനെ ജീവിക്കണമെന്നതിനെക്കുറിച്ച് അവന്റേയോ അവളുടെയോ മനസ്സിൽ തീരുമാനിക്കണമെന്നും അവൻ തിരിച്ചറിഞ്ഞു.

അപ്പോസ്തലന്റെ ദൃഢമായ നിലപാട് അവന്റെ ചുറ്റുപാടിന്റെ പശ്ചാത്തലത്തിൽ മനസ്സിലാക്കേണ്ടതാണ്: വിഗ്രഹങ്ങൾ ഉള്ള ക്ഷേത്രത്തിൽ വെച്ച് മാംസം ഭക്ഷിക്കുന്നത് വിഗ്രഹാരാധനയാണ്. ഇതൊരു പാപമാണ്, ഒരു ബലഹീന സഹോദരൻ കണ്ടാലും ഇല്ലെങ്കിലും. ഇവിടെ കാണുവാൻ സാധിക്കുന്നത് കൊരിന്തിലുള്ള ചില ആളുകൾ അമർച്ച ചെയ്തിരുന്നു, ഇതിനെപ്പറ്റി തർക്കിക്കുന്നതിലൂടെ വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നത് ഒഴിവാക്കേണ്ടിവരുമെന്നതിനാലാണ് അങ്ങനെ ചെയ്തത്. എല്ലാറ്റിനും ശേഷം വിഗ്രഹങ്ങൾക്ക് യാതൊരു പ്രാധാന്യവുമില്ലെന്ന് അവർക്കറിയാം. വിഗ്രഹാരാധനയോടുള്ള മാനസിക അകൽച്ചയ്ക്ക് ഒരിക്കലും വിഗ്രഹാരാധനയെ പുനർനിർവ്വചിക്കുവാൻ സാധിക്കുകയില്ലെന്ന് പൗലോസ് പ്രതികരിച്ചു. അപ്പോസ്തലൻ, അവന് മുമ്പുണ്ടായിരുന്ന പ്രവാചകൻമാരെപ്പോലെ, വിഗ്രഹാരാധനയുമായുള്ള അനുരഞ്ജനത്തെ നിരാകരിച്ചു.

അവകാശങ്ങളെ മുറുകെപ്പിടിക്കുന്ന ആളുകൾക്കുവേണ്ടി, പൗലോസ് തന്റെ രണ്ടാമതായിട്ടുള്ള പരിഗണനയിലേക്ക് കടന്നു. ക്ഷേത്രങ്ങളിൽ വെച്ച് മാംസം ഭക്ഷിക്കുകയും തങ്ങൾക്ക് ജ്ഞാനമുണ്ടെന്ന് അവകാശപ്പെടുകയും ചെയ്തവർ തങ്ങളെക്കാൾ ജ്ഞാനം കുറഞ്ഞ് ബലഹീന സഹോദരങ്ങളെ വിഗ്രഹാരാധനയിലേക്ക് പ്രോത്സാഹിപ്പിക്കുക ആയിരിക്കാം ചെയ്തത്.

വിഗ്രഹാർപ്പിതവുമായി ബന്ധപ്പെട്ടുള്ള അനുഷ്ഠാനങ്ങളിൽ പങ്കെടുക്കുന്നത് ക്രിസ്തു ആർക്കുവേണ്ടി മരിച്ചുവോ ആ "ബലഹീന" സഹോദരനെ ഓർത്ത് ഒഴിവാക്കേണ്ടതാണ്.

പൗലോസിന്റെ രണ്ട് - അഗ്രമുള്ള സമീപനം ക്രിസ്തുവിന്റെ സഭയിലെ ദൈനംദിന ജീവിതത്തിൽ പ്രായോഗികമാക്കേണ്ടുന്ന അവന്റെ സന്ദേശത്തിന്റെ പ്രാധാന്യത്തെ കാണിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിന്റെ സാൻമാർഗിക പെരുമാറ്റത്തിലേക്ക് ബലഹീനനായവൻ തിരിയണമെന്ന് പൗലോസ് ഇവിടെ അർത്ഥമാക്കുന്നില്ല. നേരെമറിച്ച്, ശക്തരായ ക്രിസ്ത്യാനികൾ ബലഹീനനായ വന്റെ മനസ്സാക്ഷിയെക്കൂടെ കണക്കിലെടുക്കണമെന്നാണ് പൗലോസ് ഇവിടെ പ്രസ്താവിക്കുന്നത്.

## പ്രായോഗികത

### ജ്ഞാനവും അനുരഞ്ജനവും

പൗലോസിനെ സംബന്ധിച്ച്, വിഗ്രഹാരാധനയോട് അനുരഞ്ജനപ്പെടുക എന്നുള്ളത് ചിന്തിക്കുവാൻ പോലും സാധിക്കാത്ത കാര്യമാണ്. വിഗ്രഹാരാ ധകരുടെ മധ്യത്തിൽ, വിഗ്രഹാർപ്പിതം പങ്കു വയ്ക്കുക എന്നത് തന്നെ, വിഗ്ര ഹാരാധനയാണ്. അതിനെ ഒരു കാരണവശാലും ജ്ഞാനത്താൽ മാറ്റുവാൻ കഴിഞ്ഞിരുന്നില്ല. പ്രമേയ പ്രസ്താവനകൾ അംഗീകരിക്കപ്പെട്ടവയാണ്: ഭൂമി സൂര്യനു ചുറ്റും തിരിയുന്നു. ഒരുപോലെയുള്ള കാര്യങ്ങൾ അന്യോന്യം ഒരു പോലെയാണ്. പ്രമേയ പ്രസ്താവനകൾ എപ്പോഴും, വ്യക്തമായ സത്യങ്ങളാ ണ്. മതപരവും സാൻമാർഗ്ഗികവുമായ പ്രസ്താവനകൾക്ക് കൃത്യമായ സമ വാക്യം നൽകുവാൻ കഴിയുമോ? ആധുനിക ലോകം കൂടുതലായി നൽകുന്ന ഉത്തരം "ഇല്ല" എന്നുള്ളതാണ്. പൗലോസ് നിസ്സംശയം നൽകുന്നത് "അതെ" എന്നൊരു ഉത്തരമാണ്. വിഗ്രഹാരാധന എന്നുള്ളത് ഏതൊരു കാലത്തിലും- തെറ്റാണ്! ഒരു സവിശേഷതയും തന്റെ പ്രബോധനമായ വിഗ്രഹാരാധന വിട്ടോടുവിൻ (10:14) എന്നതിനോട് ചേരില്ല.

മതത്തിലും സാൻമാർഗികതയിലും, ഒരു പ്രമേയ പ്രസ്ഥാവന എന്നു ള്ളത് ദൈവീക അധികാരത്തിന്റെ സത്യത്തിൽ ഉള്ളതായിരിക്കും. മാനുഷിക ജ്ഞാനം പരിമിതമാണ്. ദൈവം തന്നെ ഇങ്ങനെ പറയുകയുണ്ടായി, മനുഷ്യൻ അനുസരിക്കുക എന്നല്ലാതെ മറ്റൊരു തെരഞ്ഞെടുപ്പില്ല (ആവ. 6:4 നോക്കുക).

പ്രപഞ്ചത്തിന് ഒരു സാൻമാർഗ്ഗിക അതിരുണ്ട്. ഈ പശ്ചാത്തലത്തിൽ സാൻമാർഗ്ഗീകവും മതപരവുമായ പത്രോസിന്റെ കണ്ടെത്തലുകൾ: ദൈവം വിശുദ്ധനാണ്; ആയതിനാൽ, അവന്റെ ജനവും വിശുദ്ധരായിരിക്കുക (1 പത്രോ. 1:13-16 നോക്കുക). ദൈവത്തിന്റെ നിലനിൽപ് നിരസിക്കുന്നതി ലൂടെയും, മാനുഷിക പ്രവർത്തനങ്ങളിലുള്ള അവന്റെ പങ്കാളിത്തം ഇല്ലാ യ്മ ചെയ്യുന്നതിലൂടെയും, തന്റെ സൃഷ്ടിയോടുള്ള ദൈവസ്നേഹത്തെ മനുഷ്യജാതി സാൻമാർഗ്ഗിക പരിധിയാൽ തട്ടിയെടുക്കുകയാണ് ചെയ്യുന്ന ത്. കവർച്ചയും കുലപാതകവും തെറ്റാണെന്ന ഒരു നിരീശ്വര വാദിയുടെ വാദത്തെ അവന് തെളിയിക്കുവാൻ കഴിയുകയില്ല. ഏറ്റവും കൂടുതൽ, തെറ്റായ കാര്യങ്ങളെ എതിർക്കുന്ന ഒരു മൂല്യസംഹിത അവനുണ്ട് എന്ന് മാത്രമേ പ റയുവാൻ കഴിയൂ. പൗലോസിന് വിഗ്രഹാരാധനയെ എതിർക്കുവാൻ കഴി യുന്നതിന് കാരണം തെറ്റും ശരിയും തീരുമാനിക്കുന്ന ഒരു സർവ്വ-ശക്തന

ായ ദൈവമാണ് എല്ലാറ്റിനെയും സൃഷ്ടിച്ചത് എന്നുള്ള അറിവാണ്. ദൈവം കാരണം, മനുഷ്യജീവിതത്തിൽ ജന്മസിദ്ധമായ ഒരു സാൻമാർഗ്ഗീക സംഹിത ഉളവായിരിക്കുന്നത്. മതത്തേയും സാൻമാർഗ്ഗികതയെയും സംബന്ധിച്ചുള്ള സത്യങ്ങൾ സ്വീകരിക്കാവുന്നവയാണ് കാരണം നിത്യമായി നിലനിൽക്കുന്ന ഒരുവൻ തന്റെ സൃഷ്ടിയെ പരിപാലിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

## ക്രിസ്ത്യാനികൾക്കുള്ള വെല്ലുവിളികൾ

ജാതികളുടെ ദേവൻമാരെ ആരാധിക്കുന്നതിലുപരി വിഗ്രഹങ്ങൾ ഉള്ള ക്ഷേത്രങ്ങളിലെ ആഹാരത്തിൽ പങ്കാളികൾ ആകുക എന്നതായിരുന്നു കൊരിന്തിലുള്ള ക്രിസ്ത്യാനികളുടെ ആഗ്രഹം. വിഗ്രഹങ്ങളെ ആരാധിച്ചിരുന്ന തങ്ങളുടെ സുഹൃത്തുക്കളുമായി ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാനാണ് താൻ ആഗ്രഹിച്ചിരുന്നത്. പൗലോസ് അവരുടെ വാദം മനസ്സിലാക്കിയിരുന്നു. വ്യാപാരികൾ, പോലും, സാമൂഹിക സാമ്പത്തിക നേട്ടങ്ങൾക്കുവേണ്ടി വിഗ്രഹങ്ങൾ ഉള്ള ക്ഷേത്രത്തിൽ വെച്ച് വിഗ്രഹാർപ്പിതമായ മാംസം ഭക്ഷിക്കുന്നതിൽ തെറ്റില്ല എന്ന് കരുതിയിരുന്നവരാണ്. എന്തായിരുന്നാലും, ദൈവത്തിന്റെ പിതൃത്വവും യേശുവിന്റെ കർത്തൃത്വവും ഏറ്റു പറഞ്ഞ ഒരു വ്യക്തി ജന്മസിദ്ധമായി സാമൂഹികവും സാമ്പത്തികവുമായ വില നൽകേണ്ടതുണ്ട്. മനസ്സാക്ഷിയുടെ കാര്യങ്ങളിൽ ലോകവുമായുള്ള വേർപാട് ക്രിസ്തുവിലുള്ള ഒരു വ്യക്തിക്ക് ആവശ്യമാണ്. ദൗർഭാഗ്യകരമായ സാമൂഹിക സാമ്പത്തിക അനന്തര ഫലങ്ങൾ ഉണ്ടായാൽ പോലും, വിശ്വാസികൾ ഒരു നിലപാട് എടുക്കേണ്ടത് ആവശ്യമാണ്. ദൈവത്തോട് സത്യമുള്ളവരായിരിക്കുക എന്നതിൽ ബുദ്ധിമുട്ട് ഉണ്ടാക്കുവാനാണ് പിശാച് ശ്രമിക്കുന്നത്. ക്രിസ്ത്യാനികൾ എപ്പോഴും അത് പ്രതീക്ഷിക്കണം. ഈ സഹോദരൻമാരുടെ ഏറ്റു പറച്ചിലിന്റെ കേന്ദ്രബിന്ദുവായിരുന്ന വിഗ്രഹാരാധന, ഇത്തരത്തിലുള്ള ആചാരങ്ങൾ എപ്പോഴും ക്രിസ്തുവിനെ സ്വീകരിച്ചവർക്ക് അസഹനീയമായിരുന്നു (10:19–21 നോക്കുക).

## വിഗ്രഹാരാധനയിലുള്ള സ്ഥിരോത്സാഹം

ഇന്നത്തെ നമ്മുടെ ലോകത്തിലുള്ള മതപരമായ സാഹചര്യത്തിന് 2000 വർഷങ്ങൾക്ക് മുമ്പ് കൊരിന്തിലുണ്ടായിരുന്ന സാഹചര്യവുമായി വളരെയധികം വ്യത്യാസം ഉണ്ട്. അക്കാലത്തെ ക്രിസ്ത്യാനികൾ വിഗ്രഹാരാധനയെക്കുറിച്ചുള്ള പൗലോസിന്റെ പ്രബോധനങ്ങൾ പ്രാധാന്യമുള്ളവ അല്ല എന്നു പറഞ്ഞിരിക്കാം. കുറച്ചുപേർക്ക്, അല്ലെങ്കിൽ ആർക്കെങ്കിലും ഒരു ക്ഷേത്രത്തിൽ ഇരുന്ന് വിഗ്രഹാർപ്പിതം ഭക്ഷിക്കുവാനുള്ള സാമൂഹിക സമ്മർദ്ദം ഉണ്ടായിരുന്നിരിക്കാം. എന്തായിരുന്നാലും കൂടുതൽ പരിശോധനകൾ നടത്തുമ്പോൾ നാം ചിന്തിക്കുന്നതുപോലെ വിഗ്രഹാരാധനയെ പരിപൂർണ്ണമായി നിരസിക്കുവാൻ സാധിച്ചില്ലായിരിക്കുമെന്ന് വെളിവാകുന്നു.

വിഗ്രഹാരാധനയുടെ പല ഭാവങ്ങളും ഇന്നും അനുഷ്ഠിച്ചു വരുന്നു. ഭാവി പ്രവചിക്കുന്നവർ, അതീന്ദ്രിയർ, മാന്ത്രിക പ്രവർത്തികൾ ചെയ്യുന്നവർ എന്നിവർ ഇതിനുദാഹരണമാണ്. ഹസ്തരേഖാ ശാസ്ത്രവും, ചീട്ടു നോക്കി ഭാവി പറയുവാനും അറിയുന്നവർ തങ്ങളുടെ സേവനങ്ങളെ അടയാളങ്ങളായി പരസ്യമാക്കാറുണ്ട്. ചെറിയ പട്ടണങ്ങളിലെ പത്രങ്ങളിൽപോലും ഗ്രഹനില പ്രസ്താവിക്കുന്ന പങ്ക്തികൾ കാണാറുണ്ട്. ചിലപ്പോഴൊക്കെ ചില ആളുകൾ

ഇതിനെ വ്യാപാര ഉദ്ദേശത്തോടെയും കാണുന്നു. ആകാശത്തിന്റെയും ഭൂമി യുടെയും ഏകദൈവത്തെ ആരാധിക്കുന്നതിനോട് പൊരുത്തമില്ലാത്ത ചില ആചാരങ്ങളാണിത് എന്നാണ് മോശെ വ്യക്തമാക്കിയത് (ആവർ. 18:10, 11).

തീർച്ചയായും, ഇത്തരത്തിലുള്ള നിരുപദ്രവ പ്രവൃത്തികൾ കുഴപ്പമില്ല എന്ന വാദത്തെ പൗലോസ് നിരസിക്കുകയും, അതുപോലെ തന്നെ വ്യാപാര ത്തിന് നല്ലതായുള്ള വിഗ്രഹാരാധന കുഴപ്പമില്ല എന്നുള്ള കൊരിന്ത്യരുടെ വാ ദവും തള്ളിക്കളയുന്നു. ഒന്നുകിൽ ഭാവി ദൈവത്തിന്റെ കരങ്ങളിലോ, അല്ലെ ങ്കിൽ നക്ഷത്രങ്ങളിലോ ഹസ്തരേഖയിലോ ആണ്. ഭാവി എന്നുള്ളത് ഇവരിലു മല്ല. ദൈവം ഒരിക്കലും തന്റെ മഹത്വമോ പരമാധികാരമോ നക്ഷത്രങ്ങൾക്കോ, ഹസ്തരേഖകൾക്കോ, മാന്ത്രികർക്കോ നൽകുകയില്ല. വിഗ്രഹാരാധന മരിച്ചി ട്ടില്ല. ഒരു വ്യക്തി ഗ്രഹനില പംക്തികൾ ഒഴിവാക്കുകയോ അല്ലെങ്കിൽ ഹസ്ത രേഖാ പ്രവാചകരെ നിരുപദ്രവമായ നേരമ്പോക്കായി കണ്ടാൽ ഇനിയുള്ള ചോദ്യത്തിന് പ്രസക്തി ഉണ്ട്, "അത്തരത്തിലുള്ള അനുഷ്ഠാനങ്ങൾ എല്ലാ വർക്കും നിരുപദ്രവമായ നേരമ്പോക്കാണോ? ഇത്തരത്തിലുള്ള പെരുമാററം ബലഹീനസഹോദരനെക്കൊണ്ട് പാപം ചെയ്യിക്കയില്ലയോ?" പൗലോസിന്റെ പരിഗണനയിലുള്ളത് നമ്മൾതന്നെ നമ്മുടെ പ്രവർത്തികൾ ശരിയാണെന്ന് അനുമാനിക്കുന്നത് മാത്രമല്ല, നമ്മെ മാതൃകയാക്കി ശരി ചെയ്യണമെന്ന് ആഗ്ര ഹിക്കുന്ന മറ്റുള്ളവർക്കു കൂടി ശരിയായി തോന്നേണ്ടതാണ്.

വിഗ്രഹാരാധന കൂടാതെ, ക്രിസ്ത്യാനകൾ സ്വന്ത താത്പര്യങ്ങൾക്കും പരിഗണനയ്ക്കുമായി ദൈവത്തെ അപ്രധാനമാക്കി അനുരഞ്ജനം ചെയ്യാ റുണ്ട്. ശരിയായ രീതിയിൽ ചിന്തിക്കുമ്പോൾ, എന്തിനൊക്കെ നാം മുൻഗണന കൊടുക്കുന്നുവോ, നാം ദൈവത്തിന്റെ തേജസ്സിനേക്കാൾ പ്രാധാന്യം കൽപ്പി ക്കുന്നുവോ, അവയെല്ലാം വിഗ്രഹങ്ങളാണ്. പൗലോസിന് യാതൊരു മടി യുമില്ല "അത്യാഗ്രഹത്തെ, വിഗ്രഹാരാധനയുടെ പട്ടികയിൽ കൊണ്ടുവരു വാൻ" (കൊലൊ. 3:5). ഈ തത്വം വികസിപ്പിക്കുമ്പോൾ നമ്മൾ വിഗ്രഹങ്ങൾ ആക്കുന്നത് കുടുംബത്തെയോ, വസ്തുവകകളെയോ, പ്രശസ്തിയേയോ, കഴിവുകളെയോ, കായികകൂട്ടങ്ങളെയോ, സാഹിസികതയോ അല്ലെങ്കിൽ മറ്റ് എന്തിനെയെങ്കിലും ആവാം. ഈ തത്വത്തിൽ, ദൈവത്തിനോ അവന്റെ തേജസ്സിനോ മുകളിൽ എന്തിനെയെങ്കിലും പ്രതിഷ്ഠിക്കുന്നത് തെറ്റാണ്: പ ക്ഷെ, അതിലുപരിയായി, മറ്റുള്ളവരെ സ്വാധീനിക്കുവാൻ ഒരു വ്യക്തിയുടെ മാതൃകാ ജീവിതത്തിന് സാധിക്കും. ഒരു വ്യക്തി തന്റെ ജീവിതം ശരിയായ പാതയിലാണെന്ന് വിശ്വസിക്കുമ്പോൾ പോലും, അവന്റെ പെരുമാറ്റം അവ നെക്കാൾ ബലഹീനനായ ഒരു വ്യക്തിയെ തെറ്റായ രീതിയിൽ നയിക്കുവാൻ സാധ്യതയുണ്ട്.

---

കുറിപ്പുകൾ

[1]എവററ്റ് ഫെർഗ്യൂസൺ, *ബാക്ഗ്രൗസ് ഓഫ് ക്രിസ്ത്യാനിറ്റി* (ഗ്രാന്റ് റാപ്പിഡ്സ്, മിഷ്.: ഡബ്ലിയു എം. വി. എഡ്മാന്റ്സ് പബ്ലിഷിംഗ് കോ., 1987), 110. [2]സി. എൻ. തോംസൺ ജാതികളുടെ ക്ഷേത്രങ്ങളിൽ ഭക്ഷണ മുറികൾ ഉായിരുന്നതായി പുരാ വസ്തു ശാസ്ത്രത്തിന്റെ തെളിവുകളുടെ അടിസ്ഥാനത്തിൽ ചർച്ച ചെയ്തിരുന്നു. (സി. എൽ. തോംസൺ, "കൊരിന്ത്", *ദ ഇന്റർപ്രട്ടേഴ്സ് ഡിക്ഷണറി ഓഫ് ദ ബൈബി*

ളിൽ, സപ്ലിമെന്ററി വാല്യം, എദ്. കെയിത്ത് ക്രീം [ധനാശ്വില്ലേ: അബിംഡൺ പ്രസ്, 1962], 180). [3]പിന്നീട് സഭയെ ബാധിച്ച ജ്ഞാനോപദേശവുമായി ഈ ജ്ഞാനത്തിന് യാതൊരു ബന്ധവുമില്ല (ഉദാഹരണമായി, നോക്കുക 1 തിമോ. 6:20; 2 യോഹ. 7). ആദിമ നൂറ്റാിലെ സഭ മതപരമായും തത്വജ്ഞാനപരമായും പല ആശയങ്ങളും എടുത്തിരുന്നത് ജ്ഞാനോപദേശത്തിൽ നിന്നാണ്. ഇതിന്റെ സ്വഭാവ സവിശേഷതയായിരുന്നു ദ്വന്ദ്വഭാവം, പ്രപഞ്ചാതീതമായ നിലനിൽപ്പ്, ജഡം, മനുഷ്യശരീരം ഉൾപ്പെടെ, ജ്ഞാനോപദേശത്തിൽ തിന്മയുടെ ഭാഗമാണ്; ആത്മീകമാണ് നന്മ. ജ്ഞാനവാദികൾ യേശുവിന്റെ ജഡത്തിലുള്ള ജീവിതത്തെ തള്ളികളയുന്നു, ഭൗതികമായ കാര്യങ്ങൾ തിന്മയാണ് എന്നവർ വിശ്വസിക്കുന്നു. അവൻ ജഡത്തിൽ വന്നതു പോലെ തോന്നിപ്പിച്ചു എന്നാണ് അവർ പറയുന്നത്. ഈ ഉപദേശത്തെ "ഡോസിറ്റിസം" എന്നാണ് വിളിച്ചിരുന്നത്, "തോന്നിപ്പിക്കുക" എന്നർത്ഥം വരുന്ന യവന വാക്കിൽ നിന്നാണ് ഇതുായത്. [4]ഡേവിഡ് ഇ. ഗാർലന്റ്, 1 കൊരിന്ത്യർ, ബേക്കർ എക്സജറ്റിക്കൽ കമന്ററി ഓൺ ദി ന്യൂ ടെസ്റ്റാമെന്റ് (ഗ്രാന്റ് റാപിഡ്സ്, മിശ്.: ബേക്കർ അക്കാഡമിക്, 2003), 355. [5]വില്യം കോപ്പർ, "വിന്റർ വാക്ക് അറ്റ് നൂൺ", ഇൻ *ദ പോയെംസ് ഓഫ് വില്യം കോപ്പർ*, വാല്യം. 2 (ചിസ്‌വിക്ക്: സി. വിറ്റിംഗാം, 1817), 139. [6]ഹെർബെർട്ട് ഫീഗൽ മന:ശാസ്ത്രത്തോട് ബന്ധപ്പെട്ട് നിർമ്മിച്ച വാചകം, *അമേരിക്കൻ സൈക്കോളജിസ്റ്റ്* 14 (മാർച്ച് 1959): 115–28. [7]ശേഷമുള്ള വാക്ക് ഉപയോഗിച്ചിരിക്കുന്നത് 10:28 ൽ. ഈ ര് വാക്കുകളെയും "വിഗ്രഹാർപ്പിതങ്ങൾ" എന്നാണ് എൻ എ എസ് ബി പരിഭാഷപ്പെടുത്തിയിരിക്കുന്നതെങ്കിലും, ഒരു ജാതീയനായ ഭക്തനെ സംബന്ധിച്ച് ര് യവന വാക്കുകളാണ് ഈ വാക്കുകൾക്കായി ഉപയോഗിച്ചിരുന്നത്. [8]ജോസീഫസ് *എഗൈൻസ്റ്റ് ആപ്പിയൺ* 2.23 [191]. [9]*എനുമാ ഏലിശ്* ഒരു അക്കാഡിയൻ കൃതി "ദ ക്രിയേഷൻ എപിക്" ഇത് ഉൾപ്പെട്ടിരിക്കുന്നത് ജെയിംസ് ബി. പ്രിച്ചാർഡ്, എഡ്. *ആൻസിയന്റ് നിയർ ഈസ്റ്റേൺ ടെക്സ്റ്റ്സ് റിലേറ്റിംഗ് ടു ദ ഓൾഡ് ടെസ്റ്റാമെന്റ്*, 3-ാം എഡ്. (പ്രിൻസ്റ്റൺ: പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റി പ്രെസ്സ്, 1969), 60–99. [10]പല എഴുത്തുകാരും പല വേദഭാഗങ്ങളിൽ നിന്നും ജ്ഞാനമായവൾ എന്നതിന് വ്യത്യസ്ത ഉപമകളാണ് സ്വീകരിച്ചിരിക്കുന്നത്. വിലാപങ്ങളിൽ തെരുവിൽ കരയുന്ന ഒരു സ്ത്രീയെ നമുക്ക് കാണാം (1:15, 16). അപ്പോക്രിഫായിലെ ജ്ഞാനത്തിന്റെ പ്രവൃത്തികളെ കുട്ടികൾക്ക് പഠിപ്പിച്ചുകൊടുക്കുന്ന ഒരു സ്ത്രീയായാണ് കാണുന്നത്.

[11]എൻ. എൽറ്റിയിലുള്ളത് "വിഗ്രഹങ്ങൾ യാഥാർത്ഥ്യമാണെന്നുള്ള ചിന്ത പരിചയിച്ച ചില ആളുകൾ, വിഗ്രാഹാർപ്പിതം ഭക്ഷിക്കുമ്പോൾ ശരിയായ ദൈവങ്ങളെ ആരാധിക്കുകയാണ് എന്ന് അവർ ചിന്തിക്കുകയും അവരുടെ ബലഹീന മനസ്സാക്ഷി മലിനപ്പെടുകയും ചെയ്യുന്നു". [12]വാൾട്ടർ ബവ്വർ, *എ ഗ്രീക്ക് – ലെക്സിക്കൻ ഓഫ് ദി ന്യൂ ടെസ്റ്റാമെന്റ് ആൻഡ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ,* 3ാം എഡ്., റവ ആൻഡ് ഏഡ്. ഫെഡറിക് വില്യം ടാങ്കർ (ചിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ചിക്കാഗോ പ്രസ്, 2000), 967. [13]ബ്രൂസ്. ജെ. മലിന ആൻഡ് ജെറോം എച്ച്. നെയ്റെ, *പോർട്രേയ്റ്റ്സ് ഓഫ് പോൾ: ആൻ ആർക്കിയോളജി ഓഫ് ആൻസിയന്റ് പേഴ്സണാലിറ്റി* (ലൂയിസ്‌വില്ലേ: വെസ്റ്റ്മിനിസ്റ്റർ ജോൺ നോക്സ് പ്രസ്, 1996), 184. [14]ജെറോം മർഫി ഓകോണർ, *സെയിന്റ് പോൾസ് കൊരിന്ത്: ടെക്സ്റ്റസ് ആൻഡ് ആർക്കിയോളജി,* 3ാം റവ. ആൻഡ് എക്സ്പാ. എഡ്. (കോളജ്‌വില്ലേ, മിൻ.: ലിറ്റർജിക്കൽ പ്രസ്, 2002), 186.